Prescribed for the B. A. Degree Examination 1947 & 1948.

ചെറുശ്ശേരിയുടെ

# സൌഭദ്രിക കഥ

Edited by

K. N. GOPALA PILLAI M. A.
*Lecturer in Malayalam*
American College
MADURA

R. BOOK DEPOT
TRIVANDRUM
1945.

T61
C42

**Prescribed for the B. A. Degree Examination 1947 & 1948.**

ചെറുശ്ശേരിയുടെ

# സൌഭദ്രിക കഥ

p. 23.

DEFINITORY T.C.D. LIBRARY No 3792 CANCELLED

Edited by

K. N. GOPALA PILLAI M. A.

*Lecturer in Malayalam*

American College

MADURA

DHARMARAM COLLEGE LIBRARY, BANGALORE. 3941

S. R. BOOK DEPOT

TRIVANDRUM

1945.

പ്രയോജനം എന്നു സംശയിക്കുന്നവരും ഇല്ലെന്നില്ല. ശാന്തം പാപം! എന്നു മാത്രമേ ഇക്കൂട്ടരോടു മറുപടി പറവാനുള്ളു.

മദ്ധ്യമലയാളഘട്ടത്തിൽ നമ്മുടെ ഭാഷയിൽ ഉണ്ടായിട്ടുള്ള ഒരു ഉത്തമഗ്രന്ഥമത്രേ കൃഷ്ണഗാഥ. 'ഇതു് കേരളഭാഷാവനിതയ്ക്കുള്ള ആഭരണങ്ങളിൽ പഴക്കവും തിളക്കവും കൂടുന്ന കൂട്ടത്തിൽ അഗ്രഗണ്യമായ ഒന്നാകുന്നു'വെന്നാണു് പണ്ഡിതമതം. ഈ കൃതിയിലെ ആസ്വാദ്യങ്ങളായ ഭാഗങ്ങളും മുഖ്യ സാരസ്യങ്ങളും വിശദീകരിച്ചു് പി. കെ. നാരായണപിള്ള എഴുതീട്ടുള്ള കൃഷ്ണഗാഥാനിരൂപണം ഈ മാതിരി കവിതകളിൽ കേരളീയരുടെ പ്രതിപത്തി ദൃഢമൂലമാക്കുന്നതിനു് ഒട്ടുവളരെ സഹായിച്ചിട്ടുണ്ടു്.

**ഗ്രന്ഥകാരൻ:**—ഈ ഗ്രന്ഥത്തിന്റെ കർത്താവിനെപ്പററി നമുക്കു് സൂക്ഷ്മമായ അറിവൊന്നും സിദ്ധിച്ചിട്ടില്ല. പണ്ഡിതന്മാർ തങ്ങൾക്കു കിട്ടിയിട്ടുള്ള തെളിവുകളെ മുൻനിറുത്തി ഓരോന്നൂഹിക്കുന്നു. അവ താഴെ ചേർക്കുന്നു:—

1. **ഭാഷാചരിത്രകർത്താവു്:**—ഉത്തരകേരളത്തിൽ ഇപ്പോഴത്തെ കുറുമ്പ്രനാട്ടു താലൂക്കിൽ വടകര എന്ന സ്ഥലത്തു് ചെറുശ്ശേരി എന്ന ഇല്ലപ്പേരോടുകൂടി ഒരു നമ്പൂരി ഉണ്ടായിരുന്നു. അദ്ദേഹം ആശ്രയിച്ചുവന്നിരുന്ന രാജാവിന്റെ നാമധേയം ഉദയവർമ്മൻ എന്നായിരുന്നു.

2. **ചിറയ്ക്കൽ രാമവർമ്മതമ്പുരാൻ:**—കൊല്ലവർഷം 805-ാമാണ്ടിടയ്ക്കു് ഉദയവർമ്മൻ എന്ന കോലത്തിരിരാജാവു് രാജ്യം വാണിരുന്നു. അദ്ദേഹത്തിന്റെ സേവനായി ഒരു

നമ്പൂരിക്കവി ഉണ്ടായിരുന്നതായി കോലത്തിരിരാജകുടുംബത്തിലെ പഴയ രേഖകൾകൊണ്ടു തെളിയുന്നു. അതിനാൽ കവിയുടെ ജീവിതകാലം ഒൻപതാംശതകത്തിൻെറ മദ്ധ്യത്തിലായിരിക്കണം.

3. കവനോദയ പ്രവത്തകന്മാർ:—കൃഷ്ണഗാഥാകത്താവു് കോഴിക്കോട്ടു സാമൂതിരിയുടെ വിദ്വൽസദസ്സിൽ ഉണ്ടായിരുന്ന പതിനെട്ടരക്കവികളിൽ അരക്കവി എന്നു പറഞ്ഞുവരുന്ന പുനംനമ്പൂരിയാണു്. ഉത്തരകേരളത്തിൽ ചെറുശ്ശേരി എന്നൊരില്ലംതന്നെ ഇല്ല. ഉദ്ദണ്ഡശാസ്ത്രികൾ കേരളത്തിൽ വന്ന സമയം രാജാവു് പുനത്തിനെ കോഴിക്കോട്ടു വരുത്തിയതാണു്.

4. പി. കെ. നാരായണപിള്ള:—പ്രസ്തുത ഗ്രന്ഥകാരൻ പുനംനമ്പൂരിയല്ല. ചെറുശ്ശേരി എന്നു ഇല്ലപ്പേരുള്ള ഒരു നമ്പൂരിയാണു് കൃഷ്ണഗാഥ, ഭാരതഗാഥ ഇവയുടെ കത്താവു്. എന്നാൽ 'തായാം കൃഷ്ണഗാഥയാം' എന്ന കലിസംഖ്യ കണക്കാക്കുന്നതു ശരിയല്ല. ഗ്രന്ഥകാരൻെറ കാലം ഒൻപതാംശതകത്തിനു വളരെ മുൻപാണു്; ഏകദേശം ഉണ്ണുനീലീസന്ദേശത്തോടടുത്തായിരിക്കണം.

5. കുണ്ടൂർ നാരായണമേനോൻ:—കൃഷ്ണഗാഥയും ഭാരതഗാഥയും ഒരാളിൻെറ കൃതികളാകാൻ വഴിയില്ല. ഭാരതഗാഥാകത്താവു് 850 ാമാണ്ടിടയ്ക്കു് നാടുവാണിരുന്ന കോലത്തിരിരാജാവിൻെറ സേവനായി ചിറയ്ക്കൽ കോവിലകത്തെ രേഖകളിൽ കാണുന്ന നമ്പൂരിയായിരിക്കാം. ചെറുശ്ശേരി എന്നൊരില്ലം ഉത്തരകേരളത്തിൽ ഉണ്ടായിരുന്നില്ലെങ്കിൽ തന്നെയും കൃഷ്ണഗാഥയ്ക്കു് ചെറുശ്ശേരി എന്നു പേരുള്ളതു്

പണ്ടുണ്ടായിരുന്ന ചേരിപ്പാട്ടിൻെറ രീതിയെ പിൻതുടൎന്നു നിൎമ്മിച്ചതുകൊണ്ടായിരിക്കാം. ഭാരതഗാഥാകൎത്താവു് എത്ര തന്നെ പരിഷ്കൃതനായാലും കൃഷ്ണഗാഥപോലെ അതിവിശിഷ്ടമായ ഒരു ഗ്രന്ഥം നിൎമ്മിക്കാൻ വേണ്ട വാസനാവിശേഷം ആ കവിക്കു് ഉണ്ടാകുന്നതല്ല.

6. അപ്പൻതമ്പുരാൻ:—കവിയാരെന്നു നിശ്ചയമില്ലാത്ത ചന്ദ്രോത്സവത്തിൽ ഭാഷാകവികളിൽവച്ചു് പുനത്തിനെയാണു് മുൻപു പറഞ്ഞിട്ടുള്ളതു്. കൃഷ്ണഗാഥാമുഖേനയല്ലാതെ ചെറുശ്ശേരിക്കു് പുനത്തിനെപ്പോലെ കവി എന്നു പ്രസിദ്ധിയുള്ളതായും അറിവില്ല. ഉത്തരകേരളത്തിൽ ചെറുശ്ശേരി എന്നും പുനമെന്നും രണ്ടു തറവാടുകൾ ഉണ്ടായിരുന്നതിൽ ഒന്നു് മറേറതിലേയ്ക്കു് ഒതുങ്ങിപ്പോയെന്നു് ഒരു കേൾവി ഉണ്ടു്. അങ്ങനെ സംഭവിച്ചതു് കൃഷ്ണഗാഥയുടെ ആവിൎഭാവത്തിനു മുൻപാകയാൽ ചെറുശ്ശേരി ശബ്ദം പുനത്തിൻെറ പൎയ്യായമായിത്തീൎന്നിരിക്കാം.

7. ആററൂർ കൃഷ്ണപ്പിഷാരടി.—ലീലാതിലകകാരൻെറ കാലംവരെ പ്രചാരം ഉണ്ടായിരുന്നവയും ആട്ടപ്രകാരം, വൈശികതന്ത്രം മുതലായവയിൽ ധാരാളം കാണുന്നവയുമായ പല പ്രയോഗരീതികളും കൃഷ്ണഗാഥയിൽ കാണുന്നുണ്ടു്. ഭാരതഗാഥാകൎത്താവു് രീതികൊണ്ടു് കൃഷ്ണഗാഥയെ അനുകരിച്ചിട്ടുണ്ടെങ്കിലും, സൂക്ഷ്മങ്ങളായ ചില പ്രയോഗവിശേഷങ്ങൾ അദ്ദേഹത്തിൻെറ ഗ്രന്ഥത്തിൽ കാണുന്നില്ല. ഉദാ:—

പോവതിനോക്കുമ്പോൾ വേവല്ലോ മേവുന്നു,
നാരിമാരെല്ലാരും കേഴയായി,
മന്ദിരംതന്നിലേ പോരവേണം,
താരാതെ കൊള്ളുവാനിച്ഛയുണ്ടു്;

'മേവുന്നു' എന്ന പദം 'വിളങ്ങുന്നു' എന്ന അൎത്ഥത്തിലാണ് പ്രയോഗിച്ചിട്ടുള്ളതു്; നവീനഭാഷയിൽ 'വസിക്കുന്നു' എന്നു മാത്രമേ അതിനു് അൎത്ഥമുള്ളൂ. കേഴയായി, പോര വേണം എന്നിങ്ങനെ മിശ്രമായ 'ഴകാര'ത്തെ 'യകാര' ത്തോടും മററും സന്ധിചേൎത്തു് പ്രയോഗിച്ചിരിക്കുന്നതു് ഉണ്ണുനീലീസന്ദേശം, ക്രമദീപിക മുതലായ പ്രാചീനഗ്രന്ഥ ങ്ങളിലേ കാണുന്നുള്ളൂ. ഇങ്ങനെ ഭാഷയെപ്പററിയിടത്തോളം തന്നെ പലതരം സൂക്ഷ്മങ്ങളായ അംശങ്ങളുമെടുത്തു് പരി ശോധിച്ചുനോക്കുമ്പോൾ ഭാരതഗാഥ കൃഷ്ണഗാഥയെ അനുസ രിച്ചു് പിൽക്കാലത്തു് ഒരു കവി എഴുതിയതാണെന്നുള്ള തത്വം നല്ലതിന്മണ്ണം തെളിയുന്നതാണു്.

8. ആർ. നാരായണപ്പണിക്കർ:—പ്രസ്തുതഗ്രന്ഥം ഒരു ചെറുശ്ശേരി നമ്പൂരിയുടേതാണെന്നും അദ്ദേഹം ജീവിച്ചിരു ന്നതു് കൊല്ലവൎഷം 650-നും 750-നും മദ്ധ്യേയാണെന്നും ഭാഷാചരിത്രകൎത്താവു് ഗോവിന്ദപ്പിള്ള പറഞ്ഞിട്ടുള്ളതു് തീരെ അബദ്ധമാണെന്നു പറവാൻ കാലമായിട്ടില്ല.

ഉപസംഹാരം:—കൃഷ്ണഗാഥാകൎത്താവു് നല്ല സംസ്കൃത ഭാഷാവ്യുൽപത്തിയുള്ള ഒരു കവിയാണെന്നു് പ്രസ്തുതഗ്രന്ഥം തന്നെ നല്ലവണ്ണം സ്പഷ്ടമാക്കുന്നുണ്ടു്. ഭാരതഗാഥയിൽ പലമാതിരി കാവ്യദോഷങ്ങളുള്ളതുകൂടാതെ തൽക്കൎത്താ വിനു് കേവലം ഒരു പുരാണപരിജ്ഞാനം മാത്രമേ ഉള്ളൂ എന്നും കാണുന്നു. ഭാഷാരീതിയെപ്പററി ശ്രീ പിഷാരടിയുടെ അഭി പ്രായവും ശ്രദ്ധേയമാണു്. 'ഗാഥ' എന്ന പേർ ദ്രാവിഡ വൃത്തങ്ങളിലുള്ള മഹാകൃതികൾക്കു മാത്രം പറഞ്ഞുവരുന്നതാ ണെന്നു് 'ചിലപ്പതികാരം' എന്ന തമിഴ് ഗ്രന്ഥത്തിൽ പ്രസ്താ

വിച്ചിട്ടുണ്ട്. 'ഗാഥ' എന്നല്ലാതെ 'പാട്ട്' എന്ന പദം കവി സ്വകൃതിയിൽ പ്രസ്താവിച്ചു കാണുന്നില്ല. അതിനാൽ ചെറുശ്ശേരി എന്ന പദം ചേരിപ്പാട്ടിൽനിന്നും വന്നതാണെന്ന് ഊഹിക്കുന്നതിനും ഗമകം കാണുന്നില്ല. അതു് ഒരു ഇല്ലപ്പേരുതന്നെ ആയിരിക്കണം; 'ചെറുശ്ശേരിയുടെ എരിശ്ശേരി' എന്നു തുടങ്ങിയ ഐതിഹ്യവും നോക്കുക. ഈ നാമധേയത്തിൽ ഒരില്ലം ഉള്ളതായി കാണുന്നില്ലല്ലോ എന്ന് ഇവിടെ ഒരു പൂർവ്വപക്ഷം ജനിച്ചേയ്ക്കാം. എന്നാൽ മുൻകാലങ്ങളിൽ സുലഭമായിരുന്ന രാജ്യവിപ്ലവങ്ങൾമൂലം പല ഇല്ലങ്ങളും നാമാവശേഷമായിട്ടില്ലേ എന്ന് സമാധാനപ്പെടാം.

കാലത്തെ സംബന്ധിച്ചിടത്തോളം ഉണ്ണുനീലീസന്ദേശത്തിന് അധികം വിദൂരമായ കാലത്തല്ല ഈ കൃതി നിർമ്മിക്കപ്പെട്ടതെന്ന് ഊഹിക്കാൻ വേണ്ട തെളിവുകളുണ്ട്. ഭാഷാരീതിയെപ്പററി മുൻപു പ്രസ്താവിച്ചുവല്ലോ. ലീലാതിലകത്തിൽ കൃഷ്ണഗാഥയെപ്പററി പ്രസ്താവമില്ല. കേരളത്തിൽ അന്നുണ്ടായിരുന്ന മിക്ക പ്രസ്ഥാനങ്ങളെപ്പററിയും സൂക്ഷ്മനിർവചനംചെയ്തിട്ടുള്ള ലീലാതിലകകാരൻ കൃഷ്ണഗാഥ കണ്ടിരിക്കാൻ ഇടയില്ലെന്നു വിചാരിക്കുന്നതു ശരിയല്ല. അതിനാൽ ലീലാതിലകത്തിനുശേഷം കൊല്ലവർഷം 600-നും 700-നും മദ്ധ്യേയാണ് പ്രസ്തുതഗ്രന്ഥം നിർമ്മിക്കപ്പെട്ടതെന്ന് ഊഹിക്കാം.

സ്വരൂപം:—ഭാഗവതം ദശമസ്കന്ധത്തിലുള്ളതും കൃഷ്ണാവതാരം മുതൽ സ്വർഗ്ഗാരോഹണംവരെയുള്ളതുമായ കഥയാണ് കവി ഈ കൃതിയിൽ കഥാവസ്തുവായി സ്വീകരി

ച്ചിട്ടുള്ളത്. കഥാവിവരണത്തിലും ഭാഗവതത്തെ ഏറെക്കുറെ സൂക്ഷ്മമായി അനുകരിക്കുന്നതിനു കവി ശ്രമംചെയ്തിരിക്കുന്നു. എന്നാൽ ഭാഗവതത്തിൽ സുലഭമായി കാണുന്ന വേദാന്തചിന്തകൾ, സ്തോത്രങ്ങൾ മുതലായവ കവി പല ഭാഗങ്ങളിലും ഉപേക്ഷിച്ചിട്ടുണ്ടു്; ചില ഭാഗങ്ങളിൽ ഭാഗവതപദ്യങ്ങൾതന്നെ തർജ്ജിമചെയ്തു ചേർത്തിട്ടുണ്ടു്. എങ്കിലും ഇതു് ഒരു സ്വതന്ത്രകൃതിയാണെന്നു നിസ്സംശയം പറയാം. കവിതാസാരസ്യം, ചമൽക്കാരഭംഗി മുതലായവയിൽ കവി പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിട്ടുള്ളതായി കാണാം. 'ചെറുശ്ശേരി സംസ്കൃതഭാഷയും സാഹിത്യവുമായി ധാരാളം പരിചയപ്പെട്ടിരിക്കുന്ന ഒരു കവിയാകകൊണ്ടു്, സംസ്കൃത സാഹിത്യത്തിൽ പ്രാധാന്യമുള്ള അനേകം ഗ്രന്ഥങ്ങളിൽ നിന്നും പല ആശയങ്ങൾ കൃഷ്ണഗാഥയിൽ അവിടവിടെ കാണ്മാനുണ്ടു്.........സംസ്കൃതസാഹിത്യത്തിൽ നിന്നു് സ്വമാനസത്തിൽ നിലീനമായിക്കിടന്ന ആശയങ്ങൾ മനോധർമ്മത്തിൻെറ പ്രവാഹത്തിൽ കൂടി അവാഹിക്കപ്പെട്ടു് സ്വകൃതിയിൽ അവിടവിടെ പററിപ്പിടിച്ചുവെന്നല്ലാതെ മറെറാന്നും അവയെപ്പററി പറയേണ്ടതായിട്ടില്ല. കാവ്യങ്ങളുടെ പുഷ്ടിവൎദ്ധിപ്പിക്കുന്ന നവരസങ്ങളും ഇദ്ദേഹം പ്രയോഗിച്ചിട്ടുണ്ടു്. എന്നാൽ ശൃംഗാരം, 'ഫലിതം,' ഭക്തിരസം എന്നിവ കൈകാൎയ്യം ചെയ്യുന്നതിൽ കവി അസാമാന്യ പാടവം പ്രദൎശിപ്പിച്ചിരിക്കുന്നു. 'ദേവിതൻ മെയ്യിലെ'-ലാവണ്യം ചൊല്ലുവാനായിത്തുടങ്ങുന്ന കവി ക്രമേണ ശൃംഗാര രസത്തിൽ കൂടി കൈവച്ചു പോകുന്നതു നോക്കുക! 'രാസക്രീഡ, രുഗ്മിണിയുടെ അനുരാഗപാരവശ്യം, സുഭദ്രാർജ്ജുന സമാഗമം, മുതലായവ വൎണ്ണിക്കുമ്പോൾ രസചക്രവൎത്തി

യായ ശൃംഗാരവർണ്ണനയിൽ ചെറുശ്ശേരി ചമ്പൂകാരന്മാരെ പ്പോലും തരംതാഴ്ത്തുന്നതായി കാണാം. സംഭോഗശൃംഗാരം ക്രമാതീതമായി വർണ്ണിച്ച് സാത്വികശീലന്മാരായ വായനക്കാരെ വിഷമിപ്പിക്കുന്നതിന്ന് അദ്ദേഹം അധികമായി ഉദ്യമിച്ചിട്ടില്ല. വെണ്മണി നമ്പൂതിരിപ്പാടന്മാരെപ്പോലെ വിദ്യാലയങ്ങളിൽ നിന്നും മററും ചെറുശ്ശേരി ഒരു കാലത്തും ബഹിഷ്കൃതനാകയുമില്ല. 'കാവ്യസ്യാത്മാധ്വനിഃ' എന്നുള്ള സിദ്ധാന്തമനുസരിച്ച് വ്യഞ്ജകത്വം കൊണ്ടാണ് കവി പലപ്പോഴും നമ്മെ രസിപ്പിക്കുന്നത്. രാസക്രീഡയിൽ, 'മുരളീഗാനം കേട്ട ഗോപസ്ത്രീകളുടെ പരിഭ്രമം നോക്കുക:—

"ഞാൻ മുമ്പിൽ ഞാൻ മുൻപിലെന്നങ്ങുതങ്ങളി-
ലാണ്മതിരണ്ടങ്ങു പേശുകയാൽ
കുത്തുമൂത്തുള്ളൊരു കല്ലിലും മുള്ളിലും
ചേർത്തങ്ങു മണ്ടിനാരാർത്തവേഗം."

ശ്രീകൃഷ്ണനെ കണ്ട ഉടനെ അവർ:—

"നീടുററ പൂവെല്ലാം നീളെപ്പറിച്ചുടൻ
ചൂടിത്തുടങ്ങിനാരെല്ലാരുമേ;
കേടററരാഗങ്ങൾ പാടിത്തുടങ്ങിനാ
രാടിത്തുടങ്ങിനാരായവണ്ണം,
ഓടിത്തുടങ്ങിനാർ ചാടിത്തുടങ്ങിനാർ
പാടിത്തുടങ്ങിനാരങ്ങുടനേ",

രുഗ്മിണിസ്വയംവരത്തിൽ വിപ്രലംഭശൃംഗാരത്തെ പോഷിപ്പിക്കുന്നതിനുള്ള കവിയുടെ ശ്രമം എത്രയും അഭിനന്ദനീയമായിരിക്കുന്നു. പ്രാചീനകവികളിൽ പലരും സംഭോഗശൃംഗാരവർണ്ണനയിലാണല്ലോ മനസ്സിരുത്തീട്ടുള്ളത്.

3792



ഭാഷാകവികൾ വിപ്രലംഭശൃംഗാരത്തിൽ കൂടുതൽ മനസ്സിരുത്തണമെന്ന് കേരളപാണിനി ഒരവസരത്തിൽ പറഞ്ഞിട്ടുള്ളത് ഇവിടെ പ്രസ്താവയോഗ്യമാണ്. രുഗ്മിണി വാവിട്ടു പറഞ്ഞുപോയ മനോഗതങ്ങൾ ശാരിക കേട്ടു ഗ്രഹിച്ചു വെച്ചിരുന്ന് പിറേറദിവസം തോഴിമാർ കേൾക്കവെ പറയുന്നു. രുഗ്മിണിയാകട്ടെ ശാരികപ്പൈതലിൻെറ വാ പൊത്തുന്നതിനോ, ആഹാരസാധനം കൊടുത്ത് വിഷയം മാററുന്നതിനോ ഉദ്യമിക്കുന്നില്ല. അവൾ കോപത്തോടുകൂടി ശാരികയെ നോക്കുന്നു. അപ്പോൾ നായികയുടെ പരമാർത്ഥാവസ്ഥ അറിഞ്ഞിട്ടുള്ള സഖിമാർ അവളെ മന്ദമായി അപഹസിക്കുന്നു:—

'പാഴ്മൊഴിപൂണ്ടൊരു ശാരികപ്പൈതലെ
പാരാതെപോകേണം ദൂരത്തിപ്പോൾ
എങ്ങാനും പോകുന്ന കാർവർണ്ണൻതന്നെക്കൊ-
ണ്ടിങ്ങനെ ചൊല്ലുവാനെന്തുഞായം'

"സുഭദ്രാർജ്ജുന കഥയിൽ ഫലിതപൂർവ്വം ശൃംഗാരരസം വർണ്ണിക്കുന്നതിനു കവിക്കു നല്ല അവസരം കിട്ടി. സുഭദ്രാവിഷയമായ അനുരാഗത്തിൽ നിമഗ്നഹൃദയനായ അർജ്ജുനൻ തൻെറ പ്രിയതമയുടെ രൂപദർശനത്തിനായി അനുരാഗവികാരത്തിനു പരമവിരോധിയായ സന്ന്യാസരൂപം കൈക്കൊണ്ടു ബാലികാഗൃഹത്തിൽ പ്രവേശിക്കുന്നു. അർജ്ജുനനെക്കുറിച്ചു അതുപോലെ തന്നെ ഊർജ്ജിതാനുരാഗയായ സുഭദ്ര സന്ന്യാസിയുടെ ശുശ്രൂഷയിൽ നിയുക്തയായിത്തീരുന്നു. ഇതിൽപരം ദുർഘടം രണ്ടാൾക്കും പററാനില്ല. സ്വാനുരാഗത്തെ വ്യക്തീകരിക്കാൻ ആഗ്രഹമുള്ള അർജ്ജുനനു

തൻെറ കപടമുദ്രയെ ഭദ്രമായി പാലിച്ചില്ലെങ്കിൽ ബലഭദ്രർ കലപ്പകൊണ്ടു തന്നെ പിളൎക്കുമെന്നുള്ള ബോധം നല്ലവണ്ണം ഉള്ളതിനാൽ ആ വിടൻ അനുരാഗലാഞ്ഛന ലേശം പ്രകാശിപ്പിക്കാതെ പ്രാരബ്ധപ്പെടുന്നു. സുഭദ്രയോ, സന്യാസി അർജ്ജുനനാണെന്നറിയാതെ തന്നെ ഇരിക്കുന്നുവെങ്കിലും ആകാരസാദൃശ്യാദിദൎശനം നിമിത്തം സ്വപ്രിയാനുരാഗോദ്ദീപനത്താൽ നന്നെ കുഴങ്ങുന്നു. സന്യാസിയുടെ മുൻപെ കാമചേഷ്ടവല്ലതും സ്പഷ്ടമാക്കിയാൽ കഥ കഴിഞ്ഞതല്ലോ എന്നു കരുതി അവൾ വിനയത്തെതന്നെ ശരണമായി പിടിച്ചിരിക്കുന്നു.” ഇങ്ങനെയിരിക്കെ ഒരു ദിവസം സന്യാസിക്കു ഭക്ഷണാദികൾ നൽകുന്ന സുഭദ്രയെ കവി നമ്മുടെ മുൻപാകെ ചിത്രീകരിക്കുന്നു. അവൾ കൊണ്ടുവന്ന അന്നം മുഴവനും ഇലയിൽ ഇട്ടു ക്രമംവിട്ട് ആഹാരസാധനങ്ങൾ വിളമ്പി, ചുരുക്കത്തിൽ പഴം തൊലിച്ചു തൊലി ഇലയിലും പഴം ദൂരത്തും ഇട്ടു. സുഭദ്രാവിഷയത്തിൽ വികാരാധീനനായ വിജയൻ:—

“പാത്രത്തിലായുള്ളൊരത്തൊലിതന്നത്താൻ
ചിത്തമഴിഞ്ഞവനാസ്വാദിച്ചാൻ”

അതു മാത്രമോ സുഭദ്ര അവിടെ നിന്നും മറഞ്ഞ ഉടൻ:—

“ദീപവും ചാലേ പൊലിച്ചുകളഞ്ഞുടൻ
ദീപമില്ലെന്നതു ചൊന്നാൻ പിന്നെ,
ദീപവും കൊണ്ടവൾ വന്നതു കാണുമ്പോൾ
ചാപലംകൊണ്ടൊന്നു വീൎത്തുനില്ക്കും
നീരുള്ളതെല്ലാമെ ദൂരെക്കളഞ്ഞിട്ടു
നീരില്ലയെന്നങ്ങു ചൊല്ലുംപിന്നെ.

പരമഭാഗവതനായ തുഞ്ചത്തെഴുത്തച്ഛനെപ്പോലും ആകർഷിച്ചിട്ടുള്ള ഒരു കഥാഭാഗമാണല്ലോ ഇതു്. ശൃംഗാരത്തിൻെറ വിപ്രലംഭസംഭോഗവിഭാഗങ്ങളെ നല്ലവണ്ണം അറിഞ്ഞിരുന്ന ആ കവിവൈദ്യനാകട്ടെ സവ്യസാചിയ്ക്കു നാൾക്കുനാൾ ഭാവവൈവർണ്ണ്യം കലൎന്ന കഥ ഭംഗിയായി വിവരിക്കുന്നു. അലർബാണപ്രചോദിതയായ സുഭദ്ര മൎയ്യാദ മറന്നു് യോഗിവൎയ്യനോട്ടു് വൃത്താന്തങ്ങൾ ചോദിക്കുന്നതും, അവൾ ക്രമേണ 'കൃശാംഗിയായ് വിവൎണ്ണവദനയായ്" മനോഹരയായി വരുന്നതും മററും കവി സരസമായി വൎണ്ണിച്ചിരിക്കുന്നു. നമ്പൂരിയാകട്ടെ രംഗം ഫലിതസമ്മിശ്രമാക്കി അൎജ്ജുനൻ പഴത്തൊലി തിന്നുന്നതിനുകൂടി ഇടയാക്കുന്നതു നോക്കുക!!

ചെറുശ്ശേരി ഒരു പരമഭക്തനാണെന്നു് ഗ്രന്ഥത്തിലെ പല ഭാഗങ്ങളും തെളിയിക്കുന്നു. സകലലോകനിയന്താവായ കൃഷ്ണഭഗവാൻെറ വേണുഗാനം കേട്ടാനന്ദിക്കുവാൻ സംഗതിയാകാത്ത നമ്മെ, കവി ആ മനോഹരഗാനം കേട്ടു ജീവജാലങ്ങളുടെ വികാരഭേദങ്ങൾ വൎണ്ണിച്ചിട്ടു് പുളകിതഗാത്രരാക്കിത്തീൎക്കുന്നു. നോക്കുക:—

"കൈതവമററുതാൻ കൈതുടൎന്നു ചിലർ
പൈതങ്ങളെയും മറന്നു ചെമ്മേ,
ചിത്രത്തിൽ ചേൎത്തു ചമച്ചുകണക്കെയെ-
ന്നിശ്ചലമായൊരു മെയ്യുമായി,
തേനുററഗാനത്തെ കേട്ടുതുടങ്ങീത-
ങ്ങാനന്ദബാഷ്പമൊഴുക്കി മെല്ലെ,
മല്ലുതുടങ്ങിന വല്ലികളോരോന്നേ
വല്ലവീവല്ലഭൻ പാടുന്നേരം

മെല്ലെന്നിറങ്ങി മരങ്ങളിൽനിന്നങ്ങു
പല്ലവമാൎന്നങ്ങു മുൻപിൽ ചെന്നു."

മാൻപേടകൾ തങ്ങളുടെ പൈതങ്ങളേയും മറന്നു് ആനന്ദ ബാഷ്പം ഒഴുക്കിക്കൊണ്ടു് കൃഷ്ണനെ നോക്കിക്കൊണ്ടു് നിന്നു് ഗാനം കേൾക്കുന്നു! മുല്ലമുതലായ ലതകൾ വൃക്ഷങ്ങളിൽ നിന്നിറങ്ങി പല്ലവസംയുതം കൃഷ്ണന്റെ മുൻപിൽ ചെല്ലുന്നു. സംഗീതമാഹാത്മ്യം അചരങ്ങളെപ്പോലും ആർദ്രമനസ്കങ്ങളാക്കിത്തീർക്കുന്നുവെന്നു് പാശ്ചാത്യരും സമ്മതിക്കുന്നുണ്ടല്ലോ. ഇവിടെ കവി വേണുഗാനത്തിന്റെ മാധുൎയ്യവും മാഹാത്മ്യവും സാമാന്യജനങ്ങളെ മനസ്സിലാക്കുന്നതിനു് ഈ ഉപായമാണു് സ്വീകരിച്ചിട്ടുള്ളതു്. ശ്രീകൃഷ്ണന്റെ പതിനാറായിരവും എട്ടും ഗോപിമാർ അനന്തകോടി ജീവാത്മാക്കളെയും, അദ്ദേഹത്തിന്റെ മുരളീഗാനം വിശ്വപ്രേമത്തെയും ഉപലക്ഷിക്കുന്നു. ഇന്നും ഓരോ ഭക്തന്റെയും ഹൃദയത്തിൽ ഭഗവാൻ വേണുഗാനമാകുന്ന പ്രേമത്തിന്റെ വശ്യമന്ത്രം പ്രയോഗിച്ചുകൊണ്ടു് രമിക്കതന്നെ ചെയ്യുന്നു!

കവിയുടെ ഭക്തിവിശേഷം നല്ലതിന്മണ്ണം വെളിവാകുന്ന മറെറാരു ഭാഗം അക്രൂരാഗമനമാണു്. നന്ദകുമാരനെ കാണാമെന്നുള്ള വിചാരത്തോടുകൂടി തേരിൽ കയറിയ അക്രൂരൻ താൻ പുണ്യവാനാണെന്നു് സ്വയം അഭിമാനിക്കുന്നു. അതിനെത്തുടൎന്നു്. അയാളുടെ മനോഗതം കവി ഇപ്രകാരം വൎണ്ണിക്കുന്നു:—

"ആയർ കോൻ തന്നുടെ കാന്തിയായുള്ളോരു
പീയൂഷവാരിതൻ പൂരംതന്നെ.
കോരിനിറച്ചു കൊണ്ടെന്നുടെ കണ്ണിനെ
പാരം കുളൂർപ്പിച്ചു നില്പനോ ഞാൻ!

കാർവർണ്ണൻ തന്നുടെ കണ്മുനയായൊരു
കാവ്‌ണ്ടു വന്നിങ്ങു മെല്ലെമെല്ലെ;
ദീനനായ്‌ നിന്നൊരു ഞാനായ പൂവിൽ നി-
ന്നാനന്ദമാടി കളിക്കുമോ താൻ?
കണ്ണന്റെ തൂമൊഴിയായൊരു തേൻ കൊണ്ടെൻ
കണ്ണുകൾ രണ്ടും നിറച്ചു ചെമ്മേ,
പൂമാതുപൂണുന്ന പൂമേനികണ്ടുക
ണ്ടാമോദം പൂണ്ടങ്ങുന്നില്ലേനോ ഞാൻ?
പുഞ്ചിരിയായൊരു തൂനിലാവേററു നി—
ന്നുൾച്ചിത്തമായുള്ളൊരാമ്പൽ ചെമ്മേ,
ഉല്ലസിച്ചാനന്ദ മായൊരു തേനുംപൂ-
ണ്ടല്ലലെല്ലാക്കമാറുണ്ടോവന്നു."

എന്നു തുടങ്ങിയഗാനം എത്ര ഹൃദയാകർഷകമായിരിക്കുന്നു! ആത്മഗീതങ്ങൾക്കു ഇതു് ഒരുത്തമ മാതൃകയാണെന്നു് നിസ്സംശയം പറയാവുന്നതാണു്. കവി തന്റെ മനോദർപ്പണത്തിൽ ഭഗവാനെക്കണ്ടു് അനുഭവിക്കുന്ന നിർവൃതിയാണു് അക്രൂരൻ മുഖേന നമ്മെ അറിയിക്കുന്നതു് !! "ഭാഗവതത്തിന്റെ പരമോദ്ദേശ്യമായ ഭക്തിമാർഗ്ഗപ്രതിപാദനം കാവ്യരചനയിൽ കൃഷ്ണഗാഥാകർത്താവു് മറന്നുപോയിട്ടില്ല. ഈ കൃതിതന്നെ സരസരീതിയിൽ ഭഗവൽ ഭക്തിയെ ഉപദേശിക്കുന്നതിനു് നിർമ്മിച്ചിട്ടുള്ളതാകുന്നു. കൃഷ്ണഗാഥാവസാനത്തിൽ ഭഗവൽസ്തുതിരൂപത്തിൽ ചേർത്തിരിക്കുന്ന ഘട്ടം എത്രയും ശ്രദ്ധേയമാണു്. പരമഭക്തനായ കവിയുടെ പാരത്രികഗതിയെ അദ്ദേഹം തന്നെ സങ്കല്പിക്കുന്നതു നോക്കുക. ഐഹികവാസശേഷം തനിക്കു സ്വർഗ്ഗാനുഭൂതി ഉണ്ടാകുമെന്നും, അനന്തരം താൻ വൈകുണ്ഠത്തെ പ്രാപിക്കു

മെന്നും അവിടെയുള്ള ദ്വാരപാലകന്മാർ തന്നെ കാണു മ്പോൾ കൃഷ്ണഗാഥ ഉണ്ടാക്കിയ ആൾ വന്നിരിക്കുന്നു, എന്നു ഘോഷിക്കയും, തന്നെ ശ്രീഭഗവാന്റെ മുൻപാകെ കൊണ്ടു പോകയും ചെയ്യുമെന്നും, ഭഗവൽസന്നിധിയിൽ എന്തു ജോലിയിലാണു് തന്നെ നിയമിക്കേണ്ടതെന്നുള്ള ആലോച നയിൽ ഗാഥാ നിർമ്മിതികൊണ്ടുതന്നെ ദാസാവസ്ഥയെ പ്രാപിച്ച താൻ ഭഗവൽപാദാരവിന്ദങ്ങളെ ആശ്ലേഷിച്ചു് നയനജലംകൊണ്ടു് അഭിഷേകം കഴിക്കുമെന്നും, ഭഗ വാന്റെ പാദാരവിന്ദങ്ങളിൽ ഉള്ളതായി ഗാഥയിൽ പറ ഞ്ഞിരിക്കുന്ന രേഖകൾ സൂക്ഷ്മമോ എന്നു പരിശോധിച്ചു നോക്കുവാൻ സംഗതിയാകുമെന്നും മററും ഭക്തിജന്യമായി കവിക്കുണ്ടാകുന്ന മോഹം ആകെ വളരെ മനോമോഹന മായിത്തന്നെ ഇരിക്കുന്നു."

ഹൃദയാകർഷകങ്ങളായ സ്വഭാവോക്തി വർണ്ണനയിലും കവി അദ്വിതീയനായി കാണപ്പെടുന്നു. രാമകൃഷ്ണന്മാരുടെ ബാലക്രീഡകൾ നമ്മെ ആനന്ദപുളകിതരാക്കിത്തീർക്കുന്നു.

അച്ഛനെപ്പോലെ യുടുക്കേണമെന്നിട്ടു
നൽച്ചേലകൊണ്ടങ്ങുടുക്കും നന്നായ്,
മാനിച്ചു കൊണ്ടച്ഛൻ കുമ്പിടുംനേരത്ത-
ങ്ങാനകളിക്കും മുതുകിലേറി.

കൃഷ്ണന്റെ ശൈശവ വർണ്ണന നോക്കുക!—

"ചന്തമെഴുന്നോരു ചെന്തൊണ്ടിവാ തന്നിൽ
ദന്തങ്ങൾ പോന്നുവന്നങ്കുരിച്ചു,
പല്ലവം പൂണ്ടോരു മുല്ലയാം വല്ലിമേൽ
ഉല്ലാസമൊട്ടുകളെന്നപോലെ,

നന്ദലനല്ലവാനമ്മമാർ ചെന്നങ്ങു-
സമ്മോദം പൂണ്ടു വിളിക്കയാലേ
ചെഞ്ചമ്മേയുള്ളോരു പുഞ്ചിരിതൂകുമ്പോൾ
കിഞ്ചനകാണായി വന്നുകൂടി
ദന്തങ്ങൾ തന്നുടെയംകുരം കണ്ടിട്ടു-
സന്തോഷം പൂണ്ടുള്ള വല്ലവിമാർ
വേഗത്തിൽ ചുംബിച്ചനേരത്തു നന്മുഖം
വേർപെട്ടുത്തീട്ടുവാൻ വല്ലീലാരും."

ചെറുശ്ശേരിയുടെ അലങ്കാരപ്രയോഗങ്ങളും ഹൃദയാവർജ്ജകങ്ങൾ തന്നെയാണ്. ഇദ്ദേഹത്തിനെപ്പോലെ സരസങ്ങളായ അലങ്കാരങ്ങൾ പ്രയോഗിക്കുന്നതിന് ഭാഷാകവികളിൽ ചുരുക്കംപേക്ക് മാത്രമേ സാധിച്ചിട്ടുള്ളൂ. ചെറുശ്ശേരി അലങ്കാരത്തിനുവേണ്ടി ക്ലേശിക്കുക പതിവില്ല. എന്നാൽ സംസ്കൃതകവികളുടെ പല അലങ്കാരപ്രയോഗങ്ങളും അണുവും വ്യത്യാസം വരുത്താതെ ഇദ്ദേഹം പ്രയോഗിച്ചുകാണുന്നു. ഈ ഭാഗങ്ങളിലെല്ലാം നിസർഗ്ഗമധുരമായ മനോധർമ്മവിലാസം വായനക്കാക്ക് ആനന്ദം നൽകുന്നു എന്നൊരുമെച്ചമാണുള്ളത്. കുണ്ഡിനനഗരത്തിൽ പ്രവേശിച്ച കൃഷ്ണൻെറ കാന്തികാണ്മാൻ പ്രാസാദങ്ങളിലെ വാതായനങ്ങളും വാതിലുകളും കണ്മിഴിക്കുന്നു! ശ്രീകൃഷ്ണൻെറ സ്പർശനമാത്രയിൽ സൈരന്ധ്രി സുന്ദരിയായിത്തീൎന്നപ്പോൾ മാരൻെറ വില്ലു വളയുന്നു! ബ്രഹ്മാവ് കാമബാണം പിഴിഞ്ഞു് ചന്ദ്രനെ തൊലിച്ച് അതിൽ അലിച്ച് അഞ്ചുബാണങ്ങളുടെയും സുഗന്ധം അതിലാക്കിയത്രേ സുഭദ്രയുടെ പൂവൽമേനി നിർമ്മിച്ചതു്!—സംഭോഗശൃംഗാരം ചമൽക്കാരജനകമായി വർണ്ണിക്കുന്നതിന് ചെറുശ്ശേരിക്കുള്ള സാമർത്ഥ്യം രാസക്രീഡയിൽ

നല്ലവണ്ണം തെളിഞ്ഞുകാണുന്നു. ചുരുക്കിപ്പറഞ്ഞാൽ വർണ്ണന കൊണ്ടു് ഏതു കഥാഭാഗത്തിലും സമഗ്രമായ രസപ്രീതി വരുത്തുന്നതിനു് ചെറുശ്ശേരി ബഹുസമർത്ഥനാണു്. "വാക്യം രസാത്മകം കാവ്യം" എന്നുള്ള സാഹിത്യദർപ്പണ വാക്യമനുസരിച്ചു് ഈ കൃതി ഉത്തമകാവ്യങ്ങളുടെ മുന്നണിയിൽ നില്ക്കുന്നു. രസപുഷ്ടി, വ്യഞ്ജകത്വം ഫലിതം അർത്ഥഗാംഭീര്യം മുതലായവയാണു" ഈ കൃതിയിൽ കാണുന്ന വിശിഷ്ട ഗുണങ്ങൾ.

കെ. എൻ. ഗോപാലപിള്ള.

---

# ശുദ്ധിപത്രം

| പുറം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| ii | 2 | പാവം | പാപം |
| ii | 2 | ഇക്കൂട്ടത്തോടു | ഇക്കൂട്ടരോട് |
| iii | 7 | പതിനൊന്നര | പതിനെട്ടര |
| ix | 12 | പാഴമ | പാഴാമ |
| xiii | 10 | ഒന്നാച്ചിത്ത | ഒന്നാൻചിത്ത |
| 2 | (വ്യാഖ്യാനം) | സീർ....സോദരി | സീര....സോദരി |
| 3 | ടി | കാന്തി | കാന്തം |
| 4 | 15 | കമ്പൃ | കാംബു |
| 5 | 7 | തിൻത്തുട | തിൺത്തുട |
| 6 | 5 | വർണ്ണിച്ചുവകസ്ഥകൾ | വർണ്ണിച്ചവസ്ഥകൾ |
| 7 | 11 | മഞ്ജിയണഞ്ഞവ | മണ്ടിയണഞ്ഞവ |
| 7 | (വ്യാ) | കഞ്ചി | കാഞ്ചി |
| 8 | 9 | ബന്ധൃ | ബന്ധു |
| 10 | (വ്യാ) | വൃത്ഥി | വൃത്ഥാപി |
| 13 | (വ്യാ) | ആലോപനങ്ങൾ | ആലേപനങ്ങൾ |
| 16 | (വ്യാ) | മസ്കിരി | മസ്ക്കരി |
| 17 | 9 | വാറതോരൻപ് | വറാതോരൻപ് |
| 21 | 20 | പാമസൂയ- | പാരമസൂയ- |
| 22 | 1 | മാന്നിന്നി | മാമുന്നി |
| 33 | 2 | ചിന്തിച്ചായിന്നെല്ലാം | ചിന്തിച്ചോളന്നെല്ലാം |
| 36 | 11 | ഭേക്ഷി | ഭോക്ഷി. |

# സൌഭദ്രികകഥ

പാർത്തലം തന്നിൽ പൊറുത്തുള്ള വൈരികൾ-
ക്കാർത്തികൾ ചേർത്തു ചെറുത്ത പാർത്ഥൻ
തീർത്ഥമാടീടുവാനാസ്ഥ പൂണ്ടെങ്ങുമേ
പാർത്തലം തന്നിൽ നടന്നകാലം.
ദിക്കുകളെങ്ങുമേ ചൊൽക്കൊണ്ട തീർത്ഥങ്ങൾ
ഒക്കവേ ചെന്നു നിന്നാടിയാടി.
ആസന്നമാമപ്രഭാസമാം തീർത്ഥത്തിൽ
വാസവനന്ദനനായവൻതാൻ
പോയങ്ങു ചെന്നപ്പോളാദരവിൽ ഗദ-
നായോരു യാദവൻതാനും ചെന്നാൻ.

---

സൂര്യോപരാഗമുണ്ടെന്നു കേട്ടു് ഭാർഗ്ഗവതീർത്ഥത്തിലെത്തി സ്നാനം നടത്തിയ കൃഷ്ണാദികൾ മാതാപിതാക്കളെയും ബന്ധുജനങ്ങളെയും സന്ദർശിച്ചതിനുശേഷം, ദേവകിയുടെ അപേക്ഷ അനുസരിച്ച് കുമാരഷൾക്കത്തെ ആനയിച്ചിട്ട് ദ്വാരകയിലേയ്ക്കു് തിരിച്ചുപോകുന്നു. അതിനുശേഷമാണ് സൌഭദ്രികകഥ ആരംഭിക്കുന്നതു്.

പാർത്തലം=ഭൂമി. പൊറുത്തുള്ള=വസിച്ചിരുന്ന. (പൊറുതി=പാർപ്പ്. വൈരികൾ=ശത്രുക്കൾ. ചെറുത്ത=എതിർത്ത. (ശത്രുസംഹാരം ചെയ്തു എന്നർത്ഥം). പാർത്ഥൻ=അർജ്ജുനൻ. (പൃഥയുടെ-കുന്തിയുടെ-പുത്രൻ) കുന്തീപുത്രന്മാരായ ധർമ്മപുത്രർ, ഭീമൻ, അർജ്ജുനൻ എന്നിവരെയും മാദ്രീപുത്രരായ നകുലസഹദേവന്മാരെയും പാർത്ഥന്മാരെന്നു പറയാറുണ്ടു്. എന്നാൽ 'പാർത്ഥൻ' എന്ന പദം അധികമായി പ്രതിപാദിക്കുന്നതു് അർജ്ജുനനെയാണ്. ആസ്ഥ=താല്പര്യം. ചൊൽക്കൊണ്ട=പ്രസിദ്ധമായ. ആസന്നം=സമീപത്തുള്ള വാസവനന്ദനൻ=ഇന്ദ്രന്റെ

പാൎത്ഥനെക്കണ്ടവനാൎത്തിയുംതീൎത്താരോ
വാൎത്തകളോതിനിന്നാസ്ഥയോടേ
മാധവൻതന്നുടെ സോദരിയായൊരു
മാധവിതന്നുടെ കാന്തിയെല്ലാം
മാനിച്ചുനിന്നു പറഞ്ഞുതുടങ്ങിനാൻ
മാരമാൽകൊണ്ടവൻ മാഴ്കുംവണ്ണം:—
"ദ്വാരകതന്നിലിന്നുണ്ടൊരു കന്യക-
സീരവരായുധസോദരിയായ്
ഇന്നവൾതന്നുടെ കാന്തിയെവാഴ്ത്തുവാൻ
മന്നിടംതന്നകത്താരുമില്ലേ.
ചൊല്ലരുതെങ്കിലും മെല്ലെമെല്ലിങ്ങനെ-
ചൊല്ലിനിന്നീടുവൻ വല്ലവണ്ണം.
മാനിനിമാരുടെ മൗലിയിൽമേവുന്ന-
മാണിക്കക്കല്ലെന്നേ ചൊല്ലാവൂ താൻ
ശൃംഗാരമായൊരു സാഗരംതന്നെയി-
ന്നംഗജൻനിന്നുകടഞ്ഞുനന്നായ്,
മെല്ലവേ കൊണ്ടൊരു പീയൂഷംതാനെന്നേ
ചൊല്ലുന്നതാകിലൊന്നൊട്ടുചേരും.

---

പുത്രൻ. പോയ ......ചൊന്നാൻ:—അർജ്ജുനൻ. പ്രഭാസതീൎത്ഥത്തിൽ ചെന്നപ്പോൾ ഗദൻ എന്ന പേരായ യാദവൻ ബാല്ലമനപൂർവം അവിടെ ചെന്നു, ഗദൻ മാധവസോദരിയായ സുഭദ്രയുടെ രൂപലാവണ്യം അർജ്ജുനനെ വിവരിച്ചുകേൾപ്പിക്കുന്നു സീര...സോദരി=ബലഭദ്രന്റെ സഹോദരി. (സീരം=കലപ്പ. ബലഭദ്രന്റെ ആയുധം കലപ്പയാകയാൽ അദ്ദേഹത്തിന് സീരി, സീരപാണി, സീരവരായുധൻ എന്നൊക്കെ പേരുണ്ട്) മന്നിടം=ഭൂമി. ഇവളുടെ കാന്തിയെ വാഴ്ത്തുവാൻ ഭൂമിയിലുള്ളവരാരാലും സാദ്ധ്യമല്ല. രുഗ്മിണീസ്വയംവരത്തിലും ഇതു മാതിരി ചില ശ്ലോകങ്ങൾ കാണാം.

പൂവൽമെയ്‌ തന്നുടെ കാന്തിയെച്ചിന്തിച്ചാൽ
ഏവമെന്നിങ്ങനെ ചൊല്ലവല്ലേൻ.
മേനകമുൻപായ മാനിനിമാരുടെ
മേനിയെനിർമ്മിപ്പാൻ മാതൃകയായ്‌
ഭംഗിയിൽനിർമ്മിച്ചു പങ്കജയോനിയി
മ്മംഗലതന്നുടലെന്നുതോന്നും;
'അഞ്ചമ്പൻതന്നുടെ ബാണത്തെച്ചന്തത്തിൽ
ചെഞ്ചെമ്മേ നിന്നുപിഴിഞ്ഞുപിന്നെ
വെൺതിങ്കൾതന്നെ തൊലിച്ചുചമച്ചുടൻ
വെണ്മവരുത്തിയലിച്ചുതന്നിൽ
ബാണങ്ങളഞ്ചിന്റെ നന്മണംതന്നെയും
പാർത്തുകണ്ടങ്ങതിലാക്കിപ്പിന്നെ
ഒന്നിച്ചുനന്നായി നിർമ്മിച്ചുനിന്നാനി
ക്കന്യകതന്നുടെ പൂവൽമേനി'.

എന്നങ്ങു ചൊല്ലുന്നു കാണുന്നോരെല്ലാരു-
മെന്നതും ചെഞ്ചെമ്മേ ചൊന്നുകൂടാ.
സാരമായുള്ളോരു ലാവണ്യപൂരത്തെ-
പ്പൂരിച്ചുകൊണ്ടോരു ഭാജനത്തിൽ
മാനിനിതന്നുടെയാനനമിങ്ങനെ
മാനിച്ചുനിന്നു ചമച്ചുപിന്നെ

---

"കാന്തിയെ വാഴ്ത്തിടാമെന്നങ്ങുനണ്ണിനി
ന്നാസ്ഥയോടോർക്കേണ്ടയാരുമിപ്പോൾ"

മെല്ല=പതുക്കെ. മാനിനി=സ്ത്രീ.(മാനിനി, കാന്തി, ലലനാ, മുതലായവ സ്ത്രീവിശേഷവാചകങ്ങളാണെങ്കിലും പ്രയോഗബാഹുല്യം നിമിത്തം അവ സ്ത്രീപര്യായമായിത്തന്നെ പരിണമിച്ചിരിക്കുന്നു.) മൌലി=ശിരസ്സ്. സാഗരം=സമുദ്രം. അംഗജൻ=കാമദേവൻ. പീയൂഷം=അമൃത്. പൂവൽ

ശേഷിച്ചുനിന്നോരു ലേശത്തെക്കൊണ്ടുടൻ
ദോഷത്തെക്കൈവിട്ടോരാനനത്തെ
പിന്നെയുംനിർമ്മിച്ചുനിന്നോരുനേരത്ത-
തിന്ദുതന്മണ്ഡലമായ് ചമഞ്ഞു.
ക്ഷാളനംചെയ്താനപ്പാണികൾപിന്നെയ-
ന്നാളീകസംഭവൻ തോയംതന്നിൽ.
എന്നതുകൊണ്ടു നൽപങ്കജജാലങ്ങൾ
ഇന്നുമുണ്ടാകുന്നു തോയംതന്നിൽ.

എന്നുമുണ്ടെല്ലാരും ചൊല്ലിനിന്നീടുന്നി-
ക്കന്യകതന്മുഖം കാണുന്നേരം.
മാന്നിന്നും മീനിന്നും മാനത്തെപ്പോക്കുന്നോ-
ന്നാനന്ദം തൂകുമക്കണ്ണിണയും.
ചോരിവാ കണ്ടത്രെ മൂവന്തിമേഘങ്ങൾ
പാരാതെപോകുന്നു നേരിട്ടായ്വാൻ.
കണ്ണത്തൊട്ടേററല്ലോ കബ്ബുക്കളെല്ലാമേ
മണ്ടുന്നുവെള്ളത്തിൽ മുങ്ങിയിന്നും.
വാരുററകൊങ്കതൻ ചാരുത്വം കണ്ടപ്പോൾ
മേരുക്കളന്നഞ്ചുന്നു കിഞ്ചിൽ കിഞ്ചിൽ
തന്നോടുചേർന്നുള്ള ലോകരുമെല്ലാരും
നിർന്നിദ്രന്മാരായി മേവിടുന്നു.
അങ്കുരിച്ചീടുന്ന രോമാളിതന്നുടെ
ഭംഗിയെച്ചൊല്ലുവാൻ വല്ലേൻ ഞാനോ

മെയ്=മനോഹരമായ ശരീരം. ഏവം=ഇപ്രകാരം. ചൊല്ലുവല്ലേൻ= പറവാൻ എനിക്കു കഴിവില്ല. ഉണ്ണുനീലീസന്ദേശകാലത്തൊട്ടടുത്തുമാത്രം പ്രയോഗമുണ്ടായിരുന്ന ഈ മാതിരി പ്രയോഗങ്ങൾ കൃഷ്ണഗാഥയുടെ കാലനിർണ്ണയത്തിനു സഹായിക്കുന്നതു ശ്രദ്ധിക്കുക. മേനി=ശരീരം. പങ്കജ

പൂഞ്ചേലതന്നെയും കാഞ്ചിയെത്തന്നെയും
പൂണ്ടുനിന്നീടുന്നോരൽക്കീടമോ
ഒന്നഞ്ഞൂറായിരം മാരന്മാർമേന്മേലേ
നന്നായിന്നിന്നുമുളപ്പതിന്നായ്
മോഹനമായൊരു ലാവണ്യമാകുന്ന
ദോഹളംപൂണ്ടൊരുകേദാരംതാൻ.
തീൎത്തുടതന്നുടെ കാന്തിയെച്ചിന്തിച്ചാൽ
മന്ത്രിച്ചേനിന്നോടു ചൊല്ലാനാവൂ.
ജംഭാരിക്കൻപുള്ള കുംഭീന്ദ്രൻതന്നുടെ
തുമ്പിക്കൈചേൎന്നുള്ള കാന്തിയെല്ലാം
പെട്ടെന്നുചെന്നതുകട്ടുകൊണ്ടിങ്ങുപോ-
ന്നിഷ്ടത്തിൽതങ്കലേ വച്ചുകൊണ്ടു
എന്നതുകൊണ്ടല്ലോചേലകൊണ്ടെപ്പോഴും
തന്നെമറച്ചുനിന്നീടുന്നുതാൻ.
പാദങ്ങൾതന്നുടെ കാന്തിയെച്ചൊല്ലിനാൽ
പട്ടാങ്ങെന്നിങ്ങനെ തോന്നിക്കൂടാ,
മാൻകണ്ണിമാരുടെ മൗലിതന്മേനിയെ-
ക്കാൺകിലേ നിർണ്ണയംവന്നുകൂടൂ.
കീർത്തിപൊങ്ങീടുമക്കന്യകതന്നുടൽ
വാഴ്ത്തുവാനാവതില്ലാർക്കുമോർത്താൽ.

---

യോനി=ബ്രഹ്മാവ്. മംഗല=സുന്ദരി. (ഭാഗ്യവതി) ഉടൻ=ശരീരം അഞ്ചമ്പൻ=കാമദേവൻ.

'അരവിന്ദമശോകഞ്ച-ചൂതഞ്ചനവമാലികാ
നീലോൽപ്പലഞ്ച പഞ്ചൈതേ-പഞ്ചബാണസ്യസായകാഃ' അമരം

ലാവണ്യപൂരം=സൗന്ദര്യപൂരം. ഭാജനം=പാത്രം. ആനനം=മുഖം. ഇന്ദുതന്മണ്ഡലം=ചന്ദ്രമണ്ഡലം. ക്ഷാളനംചെയ്തു=കഴുകി. പാണി=കൈ. നാളീകസംഭവൻ=ബ്രഹ്മാവ്. ( നാളീകം=താമര. )

നല്ലൊന്നെന്നിങ്ങനെ പിന്നെയും പിന്നെയും
ചൊല്ലിനിന്നീടും നാമമെന്നേയാവൂ."

വാട്ടമകന്നവനിങ്ങനെ ചൊന്നതു
കേട്ടുനിന്നീടുന്ന പാർത്ഥനപ്പോൾ
വർണ്ണിച്ചവസ്ഥകൾ വാസ്തവമോ എന്നു
നിർണ്ണയിച്ചീടുവാനെന്നപോലെ
മാനസം തന്നെയയച്ചുനിന്നീടിനാൻ
മാനിനിതന്നുടെ മേനിതന്നിൽ.
ചെന്നൊരു മാനസമന്നേരം തന്നെയ-
ക്കന്യകമെയ്യിൽ നടക്കുമപ്പോൾ
നാഭിയായ് നിന്നുള്ളൊരാവർത്തം തന്നിൽ വീ
ണാപന്നമായ് ചമഞ്ഞാണുപോയി.
പോയൊരു മാനസം പേയായിപ്പോകയാൽ
ആയാസംപൂണ്ടൊരു പാർത്ഥനപ്പോൾ
എന്തിനി ചെയ്യുന്നതെന്നന്തരാ സന്തതം
ചിന്തയും വെന്തുവെന്തുണ്ടായ് വന്നു:—

"ശിക്ഷിച്ചുനിന്നൊരു ലാംഗലിതന്നുടെ ബലഭദ്രര്
ശിഷ്യനായല്ലോ താനുള്ളുവെന്നാൽ
ധന്യനായുള്ള സുയോധനന്നത്രേയി
ക്കന്യകതന്നെയകല്പിട്ടുന്നു:
നാമെല്ലാമിങ്ങനെ കോമളതന്നെയും
കാമിച്ചുപോകെന്നേ വന്നുകൂട്ടൂ.

---

തോയം=വെള്ളം. പങ്കജജാലങ്ങൾ=താമരക്കൂട്ടങ്ങൾ. താമര, ചന്ദ്രൻ എന്നിവയെക്കാളും മനോഹരമാണ് സുഭദ്രയുടെ മുഖം, എന്നു തെളിയിക്കാൻ കവി കണ്ടുപിടിച്ച ഉപായം നോക്കുക. ഈ മാതിരി വർണ്ണനകളിൽ ചെറുശ്ശേരിയുടെ സാമർത്ഥ്യം ഇതരഭാഗങ്ങളിലും ശ്രദ്ധിച്ച

കാർമുകിൽവർണ്ണനെക്കാണുന്നതാകിലെൻ
കാരിയമെല്ലാമേസാധിച്ചതും"
ഇങ്ങനെയെല്ലാംനിനച്ചുനിന്നീടുന്ന
മംഗലനാകിയ പാണ്ഡവൻതാൻ
അംഗജമാലുററു ചിന്തിച്ചാനന്നേരം
മംഗലദേവതാകാമുകനെ.
ദ്വാരകതന്നിലിരുന്നരുളീടുന്ന
വാരിജലോചനനെന്നനേരം
വീരനായുള്ളോരു പാർത്ഥൻറമുന്നിലും
പാരാതെചെന്നങ്ങുനിന്നുപിന്നെ
കണ്ടോരുനേരത്തു മണ്ടിയണഞ്ഞവ-
നിണ്ടലുംകൈവിട്ടു പൂണ്ടനേരം
പ്രാണസഖിതന്നെഗ്ഗാഢംപുണർന്നിതു
കാരണപൂരുഷനായവനും,
കുന്തീസുതനോടു ചൊല്ലിനാൻകണ്ണനും
ചന്തത്തിൽനല്ലോരു തൂമൊഴിയും:—
"ബന്ധുക്കളായോരെക്കാണ്മതിന്നായൊരു
ബന്ധമുണ്ടായതുഭാഗ്യമല്ലോ.
പാർത്ഥിവനാകിയധർമ്മജന്മാവുതാൻ
പൃത്ഥ്വിയുംപാലിച്ചുവാഴുന്നിതോ?
വേദനവേറിട്ടു ഭീമനുംചെമ്മേ
മോദിതനായിട്ടുവാഴുന്നോനോ?

---

കൊള്ളുക. ചൊരിവം=ചുണ്ട്. മൂവന്തിമേഘങ്ങൾ=മൂവന്തി(സന്ധ്യാകാലം)യിലുള്ള മേഘങ്ങൾ. നേരിടായ്വാൻ=എതിർക്കാൻ സാധിക്കായ്കയാൽ. കണ്ഠം=കഴുത്ത്. കംബു=ശംഖ്. രോമാളി=രോമസമൂഹം. വല്ലൻ=പ്രാപ്തനല്ലാ. കഞ്ചി=അരഞ്ഞാൺ. അൽക്കീടം=മദ്ധ്യപ്രദേശം. (തമിഴ്; അൽകുൽ)

മാദ്രീസുതന്മാൎക്കും കുന്തിക്കുമൻപോടു
ഭദ്രമതല്ലയോ പാഞ്ചാലിക്കും?
ദുൎയ്യോധനാദിയാം നൂറുകുമാരൎക്കും
സ്വൈരമതല്ലയോ ഗാന്ധാരിക്കും ?
താതനായുള്ള ധൃതരാഷ്ട്രനുമുള്ളിൽ
പ്രീതനായല്ലയോവാഴുന്നിപ്പോൾ ?
ഗംഗാസുതനും കൃപരുമദ്രോണരും
മംഗലവാന്മാരായ് വാഴുന്നോരോ ?
അന്യരായ് നിന്നുള്ള ബന്ധുജനങ്ങളും
നന്ദിതരായല്ലീ വാഴുന്നിപ്പോൾ ?”

ഇങ്ങനെ കാർവണ്ണൻ ചോദിച്ചതുകേട്ടു
മംഗലമെല്ലാൎക്കുമെന്നുചൊന്നാൻ.
മല്ലാരിപിന്നെയുംചൊല്ലിനിന്നീടിനാൻ
വില്ലാളിമൌലിയോടെന്നനേരം!—

“എന്നെന്നീ ചിന്തിച്ചകാരണംചൊല്ലേണം
മന്ദതകൈവെടിഞ്ഞെന്നാലിപ്പോൾ.”
എന്നതുകേട്ടൊരു പാൎത്ഥനുംചൊല്ലിനാൻ!—

“എന്തുഞാൻചൊൽവതു തമ്പുരാനേ!
ചിന്തിതമെല്ലാമറിഞ്ഞിടുംനിന്നോടി-
ന്നന്ധനായുള്ളഞാനെന്തുചൊൽവൂ ?
എങ്കിലുംചൊല്ലിടാംപങ്കജലോചന!
മങ്കമാർമൌലിയാംസോദരിയെ
പാരാതെയാചിക്കുമെന്നുടെമാനസം
പൂരണംചെയ്യേണംകാരണനേ!”

---

മാരൻ=കാമദേവൻ. ലാവണ്യം=സൌന്ദൎയ്യം. ദോഹളം=വല്ലം (ഗൎഭം) ഗൎഭകാലത്തിലുള്ള ഇച്ഛ. ദോഹദംകാംക്ഷ. കേദാരം=കൃഷിസ്ഥലം. വിളഭൂമി. പുണ്യക്ഷേത്രമെന്നും)

DE... No.............. C.D. LIBRARY.

പാർത്ഥന്റെ ഭാഷണം കേട്ടോരു കാർവർണ്ണൻ
പേർത്തും പറഞ്ഞിതു മോദത്താലേ:—
"ദുര്യോധനൻ മുന്നേ ചോദിച്ചു പോരുന്നു
ഭാര്യയാക്കീടുവാൻ മാധവിയെ.
ദ്വാരകാവാസികൾ സമ്മതിച്ചീടിനാർ
സീരിക്കു ശിഷ്യനതാകകൊണ്ടേ.
അന്യന്മാരെല്ലാരും കല്പിച്ചതിന്നു ഞാൻ
കാര്യമല്ലെന്നു പറഞ്ഞിടാമോ?
എങ്കിലതിന്നൊരുപായത്തെച്ചൊല്ലുവൻ
നിങ്കൽനിറഞ്ഞുള്ളോരൻപിനാലേ.
ഇന്നു നീ നല്ലൊരുസന്യാസിയാകിലോ
കന്യകതന്നെ ലഭിച്ചുകൂടും."
എന്നതു കേട്ടോരു പാർത്ഥനും ചൊല്ലിനാൻ
കന്യക തന്നെയും നണ്ണി നണ്ണി:—

---

ജംഭാരി=ദേവേന്ദ്രൻ. കുംഭീന്ദ്രൻ=ആനശ്രേഷ്ഠൻ. (ഇന്ദ്രന്റെ ആന=ഐരാവതം) പട്ടാങ്ങ്=സത്യം. മോഷ്ടിക്കപ്പെട്ട വസ്തു മറച്ചുവയ്ക്കുക സാധാരണം. അതിനാലാണത്രെ സുഭദ്ര തന്റെ ഊരുക്കളെ ചേലകൊണ്ടു മറച്ചിരിക്കുന്നതു്. ഉടൽ=ശരീരം.

ഗദന്റെ വാക്യംകേട്ട അർജ്ജുനൻ മതിമയങ്ങി നിന്നുപോയതു് തന്റെ മനസ്സിൽ പതിഞ്ഞ സുഭദ്രയുടെ ശരീരപരിശോധന ചെയ്യാനാണത്രെ. ഈ സമാരംഭത്തിൽ അർജ്ജുനന് അപകടവും പററി. നാഭി=പൊക്കിൾ. ആവർത്തം=ചുഴി. ആപന്നം=ആപൽക്കരം. മനസംഭ്രമപെയയായി(?)=ഉന്മത്തമായി. അന്തരാ=മനസ്സിൽ. ഇങ്ങനെ ചുഴിയിലകപ്പെട്ട് ഉന്മത്തനായി വലയുന്ന അർജ്ജുനന്റേതായ ചിന്തയത്രെ ഇനി കവി വിവരിക്കുന്നതു്. ശിക്ഷിച്ചുനിന്ന=ആയുധാഭ്യാസം നൽകിയ. ലാംഗലി=ബലഭദ്രൻ. (ലാംഗലം=കലപ്പ.)

ബലഭദ്രരുടെ ശിഷ്യനായ ദുര്യോധനനേ സുഭദ്രയെ കിട്ടുകയുള്ളൂ. നാമെല്ലാം വൃഥാ കൊതിച്ചു നടക്കുക ഉള്ളൂ എന്നു് അർജ്ജുനന്റെ ഭീതി.

"സന്ന്യാസിയാകിലോ കന്യകയെന്തിനു
മാന്യങ്ങളായുള്ള വസ്തുക്കളും ?
മിത്രരെന്നുള്ളതും ശത്രുവെന്നുള്ളതും
പുത്രരെന്നുള്ളതും ഭോഗങ്ങളും
താതനെന്നുള്ളതും മാതാവെന്നുള്ളതും
ഭ്രാതാവെന്നുള്ളതും ഭൂഷണവും
ജ്യേഷ്ഠന്മാരെന്നും കനിഷ്ഠന്മാരെന്നതും
ഗോഷ്ഠിയായ് വന്നീടും സന്ന്യാസിക്കോ.
ഇത്തരമായവ വേർവിട്ടുകൊൾവാനോ
ശക്തിപുലമ്പുന്നതില്ലെനിക്കോ."

---

കാർമുകിൽവർണ്ണൻ=കൃഷ്ണൻ. പാണ്ഡവൻ=ഇവിടെ അർജ്ജുനൻ എന്നർത്ഥം. അംഗജമാല്യര=കാമദേവനോടുകൂടി. മംഗ ... കൽ=ലക്ഷ്മിയുടെ ഭർത്താവ് (കൃഷ്ണൻ). കൃഷ്ണൻ അർജ്ജുനന്റെ മുൻപിൽ പെട്ടെന്നു പ്രത്യക്ഷനാകുന്നു. കാരണപൂരുഷൻ=വിഷ്ണു (കൃഷ്ണൻ) തൂമൊഴി=മനോഹരമായ വാക്ക്. ബന്ധം=കാരണം. പാർത്ഥിവൻ=രാജാവ്. ധർമ്മജന്മാ=ധർമ്മപുത്രർ.

പൃത്ഥി=ഭൂമി. മോദിതൻ=സന്തുഷ്ടൻ. മാദ്രീസുതർ=നകുലസഹദേവന്മാർ. ഭദ്രം=സുഖം (മംഗളം). താതൻ=പിതാവ് (ബഹുമാനാർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു.) ഗംഗാസുതൻ=ഭീഷ്മർ. നന്ദിതർ=സന്തുഷ്ടർ. മല്ലാരി=കൃഷ്ണൻ. വില്ലാളിമൌലി=വില്ലാളികളിൽ ശ്രേഷ്ഠൻ (അർജ്ജുനൻ) ചിന്തിതം=ആഗ്രഹം. അന്ധൻ=മന്ദബുദ്ധി എന്നർത്ഥം.

മാനസപൂരണം ചെയ്ക=ആഗ്രഹം സാധിച്ചുതരിക. കാരണൻ=ജഗത്തിന് ആധാരഭൂതൻ (കൃഷ്ണൻ). മാധവി=സുഭദ്ര. സീരി=ബലഭദ്രൻ. ആര്യന്മാർ=ശ്രേഷ്ഠന്മാർ. ഉപായം=മാർഗ്ഗം. അൻപ്=സ്നേഹം. നണ്ണി=വിചാരിച്ച്. സന്ന്യാസിയായാൽ പിന്നെ ഭോഗങ്ങളെന്തിനെന്നായി അർജ്ജുനന്റെ ആശങ്ക. മിത്രർ=ബന്ധുക്കൾ. ഭ്രാതാവ്=സഹോദരൻ. ഭൂഷണം=ആഭരണം. ഇത്തരമായവ=മേൽപറഞ്ഞവ. വേർവിട്ടുകൊൾവാൻ=ഉപേക്ഷിക്കുന്നതിന്. ശക്തിപുലമ്പുന്നില്ല=ശക്തി ഉണ്ടാകുന്നില്ല.

കണ്ണനതുകേട്ടു സന്തോഷവുംപൂണ്ടു
തിണ്ണം ചിരിച്ചുടൻ ചൊന്നാനപ്പോൾ
"ഭിക്ഷുകവേഷത്തെപ്പൂണ്ടവനിന്നിവ-
യക്ഷണംചെയ്യണമെന്നുണ്ടോ ചൊൽ
ലീലകൾകോലുവാൻ കോലങ്ങൾ പൂണ്ടവൻ
മേലിലപ്പുണ്ണുമേയായീടുമോ? "
എന്നു പറഞ്ഞു യതിവേഷമാക്കിനാൻ
മന്നവൻ തന്നെയക്കണ്ണനപ്പോൾ.
കന്യക തന്നെലഭിച്ചു നിന്നീടുവാൻ
ഇങ്ങനെയെന്നു പറഞ്ഞുപായം.
ദ്വാരകപൂകിനാൻ വാരിജലോചനൻ;
വീരനായ് നിന്നുള്ള പാർത്ഥനപ്പോൾ
ധന്യനായുള്ളോരു സന്യാസിവേഷമ-
ക്കന്യകമൂലമായ് കൈക്കൊണ്ടാൻ!
സന്യസിച്ചീടിന പാണ്ഡവവീരന-
ക്കന്യകതന്നെയും നണ്ണിനണ്ണി
രൈവതമാകിന പർവ്വതംതന്നുടെ
താഴ്‌വരതന്നിൽ വിളങ്ങിനിന്നാൻ.
അന്നൊരുനാളിലനന്ദജൻതന്നോടും
ധന്യനായ് നിന്നൊരു കാമപാലൻ
അല്ലലകന്നീടുമാസ്ഥാനംതന്നിലേ
മെല്ലവേ ചെന്നങ്ങുനിന്നുപിന്നെ--

(ഞാൻ ശക്തനല്ലെന്നു സാരം.) ഭിക്ഷുവേഷം ധരിച്ചവൻ അക്ഷണം ഭിക്ഷാടനം ചെയ്യണമെന്നുണ്ടോ? വിനോദാർത്ഥം വേഷം ധരിച്ച ഒരുവൻ അപ്രകാരംതന്നെ ആയിത്തീരുമോ? യതിവേഷം=സന്യാസിവേഷം. ഇങ്ങനെ കന്യകമൂലം പാർത്ഥൻ ധന്യമായ സന്യാസവേഷം ധരിച്ചു. ഈ ഭാഗം മുതൽ ചെറുശ്ശേരിയുടെ പരിഹാസരസം ശ്രദ്ധേയമാണ്. നന്ദജൻ=കൃഷ്ണൻ, കാമപാലൻ=ബലഭദ്രൻ. അല്ലൽ=ദുഃഖം.

ഭക്തനായുള്ളോരു മന്ത്രിവരനാകും
ഉദ്ധവർതന്നോടു ചൊന്നാനപ്പോൾ
'കാനനഭോജനം പണ്ണുവാനായിട്ടു
മാനിനിമാരുമായ് നാമെല്ലാരും
കാലത്തുപോകേണം നാളെ'യെന്നിങ്ങനെ
നീലാംബരൻ പറഞ്ഞീടുംനേരം
നന്ദിതനായുള്ളോരുദ്ധവർ കേട്ടുടൻ
നിന്നുള്ള മാലോകരെല്ലാരോടും
കാർവർണ്ണരാമന്മാർ ചൊന്നതറിയിച്ചു
പോവതിന്നായിമുതിർന്നെല്ലാരും:
ഭക്ഷ്യഭോജ്യാദികളെന്നിവയെല്ലാമേ
തൽക്ഷണം സംഭരിച്ചൊന്നൊന്നേതാൻ
നീലക്കാർവർണ്ണനും രാമനുമായിട്ടു
മാലോകരോടും കലർന്നു ചെമ്മേ
കാലമേപോകത്തുടങ്ങിനാരെല്ലാരും
കാനനഭോജനം പണ്ണുവാനായ്.
പോയിനിന്നീടുന്ന മാലോകരെല്ലാരും
മായമകന്നുടൻ പോയിപ്പോയി
രൈവതപർവ്വതം തന്നുടെ ചാരത്തു
പാവനമാംനദീതീരം തന്നിൽ
ചെന്നുനിന്നീടിനാനന്നേരമെല്ലാരും
ഇന്നിലംനല്ലതിതെന്നു ചൊല്ലി

---

ആസ്ഥാനം=രാജസഭ. ഭോജനംപണ്ണുക=ഭോജനംചെയ്ക എന്നർത്ഥം. തമിഴിൽ ഇന്നു ധാരാളമായി നടപ്പുള്ള ഈ പദം മലയാളത്തിൽ തീരെ അശ്ലീലമായി പരിണമിച്ചിരിക്കുന്നു. ഇതു് ചിലർ 'പെണ്ണുക' എന്നു തിരുത്തുന്നതു് അബദ്ധമാണു്. മാനിനിമാർ=സ്ത്രീകൾ. നീലാംബരൻ=ബലഭദ്രൻ. പാവനം=പരിശുദ്ധം.

സ്നാനങ്ങൾമുൻപായതാചരിച്ചീടിനാർ
മാനിനിമാരോടുകൂടിച്ചെമ്മേ
ദിവ്യാംബരാഭരണാലേപനങ്ങളാൽ
സർവ്വാംഗമെല്ലാമലങ്കരിച്ചാർ.
ഇഷ്ടമായുള്ളോരു ഭോജനംപണ്ണീട്ടു
തുഷ്ടന്മാരായി വിളങ്ങിനിന്നാർ,
പീയൂഷംസേവിച്ചു മേവിനിന്നീടുന്നോ
രാദിതേയന്മാരങ്ങെന്നപോലെ.
കേളികളോന്നൊന്നേയാചരിച്ചീടിനാർ
താളംതുടന്നാർ ചിലരുമപ്പോൾ
പാടിനിന്നീടിനാർ ആടിനിന്നീടിനാർ
ഓടിനിന്നീടിനാരങ്ങു ചിലർ. *
അന്നിലംതന്നിലെ നിന്നുവിളങ്ങിന
സന്യാസിതന്നെയും കണ്ടാരപ്പോൾ
കണ്ടൊരുനേരത്തു കൂപ്പിനിന്നീടിനാർ
ഇണ്ടലകന്നുള്ളൊരുള്ളവുമായ്
തൻപദംകുമ്പിട്ടുനിന്നവരോടപ്പോൾ-
ളൻപോടുചൊല്ലിനാൻ സന്യാസിതാൻ:—
"നിർമ്മലരായുള്ള നിങ്ങൾക്കുമേന്മേലേ
നന്മകളേററംഭവിക്കേണമേ
ഉത്തമരായുള്ള നിങ്ങൾതന്നുള്ളിലേ
ഭക്തിയെക്കണ്ടുതെളിഞ്ഞുഞാനോ.

---

സ്നാനങ്ങൾ മുൻപായതു=കുളിമുതലായവ. ദിവ്യം......രിച്ചാർ=ദിവ്യമായ വസ്ത്രങ്ങൾ ആഭരണങ്ങൾ ആലേപനങ്ങൾ മുതലായവയാൽ ശരീരം മുഴുവൻ അലങ്കരിച്ചു. പീയൂഷം=അമൃതു്. ആദിതേയന്മാർ=ദേവന്മാർ. രൈവതകപർവ്വതസമീപത്തിലുള്ള പുണ്യതീർത്ഥത്തിൽ സ്നാനം ചെയ്തപ്പോൾ യാദവന്മാർക്കു, പണ്ടു് പാലാഴിമഥനത്താൽ സിദ്ധിച്ച അമൃതു് പാനംചെയ്ത ദേവന്മാർക്കു തുല്യം സന്തോഷമുണ്ടായെന്നു സാരം. തെളിഞ്ഞു=സന്തോഷിച്ചു. ആഗതർ=വന്നവർ.

എങ്ങുനിന്നിങ്ങിപ്പോളാഗതരായ് നിങ്ങൾ
മംഗലമായിതേ കണ്ടതററം"
എന്നതുകേട്ടുള്ള വീരന്മാർ ചൊല്ലിനാർ
വന്നതിൻ കാരണമുള്ളവണ്ണം.
പാരാതെപോന്നിങ്ങു വന്നുചൊല്ലീടിനാർ
നേരായിനിന്നോരുവാർത്തയപ്പോൾ:—
"ധന്യന്മാരായിതേ ഞങ്ങളുമിന്നൊരു
പുണ്യവാൻതന്നേയും കാൺകകൊണ്ടേ."
എന്നവർ ചൊല്ലുമ്പോൾ ലാംഗലി ചോദിച്ചാൻ
"എന്നിലം തന്നിൽനിന്നെ"ന്നിങ്ങനെ.
വീരന്മാരെന്നതുനേരം പറഞ്ഞിതു
സീരി തന്നോടുടൻ സാരമായി:—
"നമ്മുടെ ചാരത്തു കാണുന്നോരദ്രിമേൽ
നിർമ്മലനായോരു ഭിക്ഷുകൻ താൻ
മേവിനിന്നീടുന്നോൻ ഞങ്ങളവനെയും
സേവിച്ചുകൊണ്ടല്ലോ പോന്നുകൊണ്ടു."
എങ്കിൽ നമുക്കങ്ങു കാണണമെന്നിട്ടു
പങ്കജനേത്രനും താനുമായി
ഉത്തമന്മാരായയാദവന്മാരോടും
ഒത്തു നടന്നങ്ങു പോയിപ്പോയി,
പാരാതെ ചെന്നു ഗിരിമുകളേറുമ്പോൾ

---

പാരാതെ പോന്നിങ്ങു:—പിന്നീട് അവർ ദ്വാരകയിൽ വന്ന് കണ്ട വിശേഷം പറഞ്ഞു. ലാംഗലി=ബലഭദ്രർ. സീരി=ബലഭദ്രർ. അദ്രി=പർവ്വതം. ഭിക്ഷുകൻ=സന്യാസി. പങ്കജനേത്രൻ=കൃഷ്ണൻ. ഗിരി=പർവ്വതം. (രൈവതകം)

ദൂരവേ കാണായി സന്ന്യാസിയെ.
കാന്തിപൂണ്ടേററം വിളങ്ങിനിന്നീടുന്ന
കാന്താരവാസിയാം കൌന്തേയനെ
പൂർവ്വാചലംതന്നിൽമേവി നിന്നീടുന്ന
സൂര്യൻതാൻ നിന്നു വിളങ്ങുമ്പോലെ.
ദൂരത്തുനിന്നവർ ചാരത്തുചെന്നിട്ടു
നേരൊത്തുകൂപ്പി വണങ്ങിനിന്നാർ.
മസ്കരിതന്നെ നമസ്കരിച്ചങ്ങനെ
സല്ക്കരിച്ചൻപിനോടായവണ്ണം
വാസ്തവരീതിയെച്ചേർത്തുനിന്നീടുന്ന
ശാസ്ത്രങ്ങൾകൊണ്ടു പറഞ്ഞു പിന്നെ
നിർമ്മലനായൊരു ദിവ്യനെന്നിങ്ങനെ
*തന്മനം തന്നിലുറച്ച നേരം
ധന്യനായ് നിന്നൊരു ലാംഗലി ചൊല്ലിനാൻ
*തന്നിലേ നണ്ണിന കാരിയത്തെ:—
"പോരാതെഴുന്നള്ളവേണമിന്നൻപോടു
ദ്വാരകയായ നഗരി തന്നിൽ
പാവനമാക്കേണം സജ്ജനമെല്ലാഴും
സേവചെയ്തീടുന്ന പാദത്താലേ."
എന്നതു കേട്ടൊരു കണ്ണനും ചൊല്ലിനാൻ
നിന്നോരു ലാംഗലിതന്നെ നോക്കി:—

---

കാന്താരവാസി=വനവാസി. കൌന്തേയൻ=കുന്തീസുതൻ (അർജ്ജുനൻ) പൂർവ്വാചലം=കിഴക്കെപർവ്വതം. അർജ്ജുനനെ ഉദിച്ചുവരുന്ന ബാലസൂര്യനോടു് ഉപമിച്ചിരിക്കുന്നു. മസ്കരി=സന്ന്യാസി. (മസ്കരം=മുള. ദണ്ഡധാട്ടകൂടിയവൻ എന്നർത്ഥം) വാസ്തവ....പിന്നെ=പരമതത്ത്വത്തെപ്പററി പ്രതിപാദിച്ചു.

* സന്മതം. എന്നു് പാഠാന്തരം. തന്മനം=തന്റെ മനസ്സ്. സന്മതം=നല്ല അഭിപ്രായം. നണ്ണിന=വിചാരിച്ച. കാരിയം=കാര്യം.

"സർവ്വസംഗത്തെയും കൈവെടിഞ്ഞിങ്ങനെ
പർവ്വതം തന്നിലിരുന്നുകൊണ്ടു്
ശർവ്വപദാംബുജമുള്ളിലുറപ്പിച്ചു
സർവ്വദാ സേവിച്ചുമേവീടുന്ന
ഉത്തമരായ ജനങ്ങളെക്കൊണ്ടുപോയ്
വൃത്തി പിഴപ്പിപ്പാനോൎക്കൊല്ലാതെ."
വാരിജലോചനൻ ചൊന്നൊരുനേരത്തു
സീരിയും ചൊല്ലിനാൻനേരോടപ്പോൾ:—
'യോഗികൾ മാനസപീഡയുണ്ടാക്കൊലാ
ഭോഗിയായുള്ള നിൻവാക്കിനാലേ
ബാലനായുള്ളനീയേതുമറിഞ്ഞീടാ-
ലീലകളെന്നിയെ പിന്നെയൊന്നും.
*എല്ലാം സമമല്ലോ ചൊല്ലുള്ള ദിക്കെന്നു
നല്ലവർ ചൊല്ലിട്ടു കേൾപ്പീലയോ?
നാടെന്നും കാടെന്നും കൂടി നിരൂപിക്കിൽ
വാടാതെ തന്നെയഭേദമല്ലോ.
എല്ലാവരുമായിട്ടിന്നിവൻ തന്നെ നാം
അല്ലൽ പോമ്മാറുടൻ കൊണ്ടുപോയി
നന്മകലൎന്നൊരു മന്ദിരം തന്നിലേ
മേന്മയോടിന്നു നാം വച്ചുകൊൾവൂ.
എന്നെല്ലാം ചൊല്ലിയസ്സന്ന്യാസി തന്നോടും
ഒന്നിച്ചു പൂകിനാൻ പൂരിലപ്പോൾ

ശർവ്വപാദാംബുജം=ശിവന്റെ കാൽത്താമര. വൃത്തിപിഴപ്പിക്കുക=അകൃത്യം ചെയ്ക. സീരി=ബലഭദ്രൻ. ഭോഗി=ഇഹലോകസുഖത്തിൽ മുഴുകിയവൻ.

* ചെല്ലുന്നദിക്കെന്നു്—പാഠാന്തരം:—സന്ന്യാസിമാൎക്കു് തങ്ങൾ ചെല്ലുന്ന ദിക്കെല്ലാം സമമാണെന്നു മഹാന്മാർ പറയുന്നു. അവൎക്കു് നാടു് കാടു് എന്ന ഭേദംപോലും ഇല്ല. മേന്മ=ബഹുമാനം. പൂകിനാൻ=പോയി. പൂരിൽ=പുരിയിൽ. ചാരുവായ=മനോഹരമായ മസ്കരി=സന്ന്യാസി.

ചാരുവായുള്ളോരു മന്ദിരംതന്നിലെ
നേരെയങ്ങാക്കിനാൻ യോഗിയെയും.
"ഉത്തമനായൊരു മസ്കരിയുണ്ടുപോ-
ലിസ്ഥലംതന്നിലെഴുന്നള്ളുന്നു"
എന്നങ്ങു ചൊല്ലി വരുന്ന ജനങ്ങളു-
മൊന്നിച്ചുകൂടി വണങ്ങിച്ചൊന്നാർ :—
'യോഗ്യത പൂണ്ടുള്ള നിങ്ങൾ വരുവാനോ
ഭാഗ്യമിന്നെങ്ങളിലെത്തിക്കൂടി.
വറ്റാതോരൻപിനാൽ തെറെറന്നിവിടെയു-
കുറവുങ്ങളെന്നതും പററായിന്നു.
സന്തുഷ്ടരായുള്ളോരന്തണ മന്ദിരം
അന്തികെയുണ്ടല്ലോ സന്തതവും.
ഭിക്ഷയെ നൽകുമവരങ്ങു നിത്യവും
ശിക്ഷയിലെന്നങ്ങു ചൊല്ലിപ്പിന്നെ.
"മംഗലനാം ഭവാൻ നൽകീടുകവേണം
ഞങ്ങൾക്കനുജ്ഞയെയിന്നു നേരെ"
എന്നെല്ലാം ചൊല്ലി വണങ്ങുമവക്കപ്പോൾ
നന്നായനുജ്ഞയും നൽകിനിന്നാൻ.
യാത്ര വഴങ്ങിപ്പുറപ്പെട്ടാരെന്നപ്പോൾ
പേത്തുമനാരിമാരോടും കൂടി.
യാദവന്മാരുമായൊന്നിച്ചുനിന്നവർ
മോദേന മേവിനാരാലയത്തിൽ.

---

വററാത=വർദ്ധിച്ച. തെറെറന്ന്=വേഗത്തിൽ. അന്തണമന്ദിരം=ബ്രാഹ്മണരുടെവീട്. അന്തികെ=സമീപത്തിൽ. ശിക്ഷയിൽ=നല്ലവണ്ണം. അനുജ്ഞ=അനുവാദം. കോമരം=മൂർത്തി (വെളിച്ചപ്പാട്) കാമപീഡിതൻ എന്നർത്ഥം. 'കോർമയിക്കേണ്ടടനംനന്ദം തന്നുടെ കോമരമായിട്ടു നിന്നു പിന്നെ' ഇത്യാദി ഭാഗങ്ങളും കാണുക.

മംഗലജ്ഞാലങ്ങൾ പൊങ്ങി നിന്നെങ്ങുമേ
ഭംഗിതേടിടുന്നു നന്മഠത്തിൽ,
കാമനു കോമരമായി നിന്നങ്ങനെ
കോമളനാമവൻ വാഴുംകാലം
സീരവരായുധപാണിതാൻ ചെഞ്ചമ്മേ
വാരിജലോചനനോടും കൂടി
ധന്യനായ് നിന്നൊരു സന്യാസിതന്നെയും
ചെന്നുവണങ്ങിനാൻ ചൊവ്വിനോടേ,
മന്ദത കൈവിട്ടു സന്യാസി തന്നോടു
നിന്നൊരു സീരിയും ചൊന്നാനപ്പോൾ:—

"മാരിപൊഴിയുന്ന കാലമണഞ്ഞുതേ
ഘോരമായുള്ളൊരു കാററുമായി
ദൂരവേ നിന്നുടനാരുമേ കൂടാതെ
നേരോടേ ഭിക്ഷ ലഭിച്ചീടാതെ
ഇങ്ങുനിന്നിങ്ങനെ വേദന കോലൊല്ലാ
മംഗലനായ ഭവാനിന്നിപ്പോൾ
അന്തഃപുരത്തിലൊരു ഗ്രഹം തന്നിലേ
ചന്തത്തിൽ വാണീടാമന്തികത്തിൽ,
ഭിക്ഷ തരുവാനും ശുശ്രൂഷ ചെയ്വാനും
ശിക്ഷയിലാമല്ലൊ ചാരത്തെങ്കിൽ
മച്ചകമുണ്ടു നന്മാളികതാനുണ്ടു
മുററവുമായുള്ളവയെല്ലാമുണ്ട്,
നിഷ്കുടമുണ്ടു നൽദീർഘികയുമുണ്ടു
പുഷ്കരമാദിയാം പുഷ്പമുണ്ട്.,

---

ചൊവ്വ്=ഭംഗി. വേദന കൊല്ക=ദുഃഖം അനുഭവിക്കുക. അന്തികം=സമീപം. നിഷ്കുടം=വീടിനോടുചേർന്നുള്ള പൂന്തോട്ടം. ദീർഘിക=പൊയ്ക. പുഷ്കരം=താമര.

നാലുമാസം കഴിച്ചീടേണമേ ഭവാ-
നാലയം തന്നിൽനിന്നെന്നിങ്ങനേ
കാമപാലന്റെ വചനങ്ങൾ കേട്ടപ്പോൾ
കോമളനാകിയകണ്ണൻ ചൊന്നാൻ:—
"കാട്ടിൽ കിടക്കുന്ന സന്ന്യാസിതന്നെയും
നാട്ടിലും കൊണ്ടുവന്നു വച്ചുപിന്നെ
കാട്ടിയ കോട്ടികൾ പേരേയെന്നോർത്തിട്ടോ
വീട്ടിലിരുത്തുവാൻ ചിന്തിക്കുന്നു ?
നാട്ടിലെ ലോകർ ചിരിക്കുമാറാകുമ്പോൾ
കൂട്ടായി വന്നിടാ ഞാനും ചെമ്മേ.
പട്ടാങ്ങെന്നിങ്ങനെ തോന്നീലയെങ്കിലോ
ഇഷ്ടമായുള്ളതു ചെയ്തുകൊൾവൂ"
ദേവകീനന്ദനൻ ചൊല്ലുകേട്ട ബല-
ദേവതചൊല്ലിനാനേവമപ്പോൾ:—
"ഒല്ലാത്ത കാരിയം ചിന്തിച്ചതല്ല ഞാൻ
എല്ലാരുംസമ്മതിയായതത്രേ.
മേദിനീപാലന്മാരായവരും പിന്നെ
മോദിതന്മാകിയ ഭൂസുരരും
താപസന്മാരെയും ഭിക്ഷുകന്മാരെയും
താപമകലുവാൻ പൂജിച്ചീടും.
എന്നുള്ള കേളിയുമില്ലേ നിനക്കിപ്പോൾ
ഇന്നിതിനെന്തൊരു കുററം ചൊൽവാൻ ?"

---

കാമപാലൻ=ബലഭദ്രൻ. കോട്ടി=ഗോഷ്ഠി. വന്നിടാ=വരികയില്ല. പട്ടാങ്ങ്=സത്യം. സന്ന്യാസിയെ സംബന്ധിച്ച സകല ചുമതലകളും ബലഭദ്രനിൽ ആയിരിക്കണമെന്നാണല്ലോ കൃഷ്ണന്റെ ആഗ്രഹം. ഒല്ലാത്ത=ചെയ്തുകൂടാത്ത. ഞാൻ ഒല്ലാത്തകാരിയം ചിന്തിക്കുന്നവനല്ലെന്നുള്ളതു സർവ്വസമ്മതമാണ്. മേദിനീപാലകർ=രാജാക്കന്മാർ. മോദിതർ=സന്തുഷ്ടർ. ഭൂസുരർ=ബ്രാഹ്മണർ. കേളി=കേട്ടറിവ് എന്നർത്ഥം.

എന്നെല്ലാം ലാംഗലി ചൊന്നതു കേട്ടപ്പോൾ
നിന്നൊരു കണ്ണൻ താനെന്നനേരം
മന്ത്രിച്ചു ചൊല്ലിനാൻ ലാംഗലി തന്നോടു
ചിന്തിച്ചു നിന്നു വറുണ്ടുനേരം:—
"സജ്ജനമായുള്ളോരിജ്ജനത്തിന്നൊരു
നിർജ്ജനമായൊരു ഗേഹമില്ലോ.
നിഷ്കളസേവയെച്ചെയ്യതിനായിട്ടു
സൽക്കരിച്ചീടുന്നതെങ്ങനെ നാം ?"
എന്നതു കേട്ടൊരു സീരിതാൻ ചൊല്ലിനാൻ
"കന്യക തന്നുടെ ഗേഹമാവൂ;
നിർജ്ജനമായൊരു മറെറാരു ദേശവു-
മിജ്ജനത്തിന്നു നിരന്നുകൂടാ.
വന്ദിച്ചുനിന്നാലക്കന്യക തന്നുടെ
ചിന്തിതം തന്നെയും വന്നുകൂടും.
ധന്യനായ് നിന്നൊരിസ്സന്യാസി വന്നതു
കന്യക തന്നുടെ ഭാഗ്യമത്രേ.
സേവിച്ചുകൊള്ളുകിൽ വാഞ്ഛിതം നൽകുവാൻ
കേവലമിന്നിവൻ പോരുമല്ലോ."
കോമളനായൊരു കണ്ണനോടിങ്ങനെ
കാമപാലൻ പറഞ്ഞീടും നേരം
മാധവൻ ചൊല്ലിനാൻ നീതിയിലെന്നപ്പോൾ
"ബാധയില്ലേതുമിതിന്നു പാർത്താൽ
വാനപ്രസ്ഥന്നിതിൻ മീതെയിന്നൊന്നുമേ
ദാനം ചെയ്യാവതുമില്ലയല്ലോ.

---

ലാംഗലി=ബലഭദ്രർ. മന്ത്രിച്ചു ചൊല്ലിനാൻ=സാവധാനത്തിൽ. പറഞ്ഞുൻവറുണ്ടുക=കഷ്ടപ്പെടുക. ഗേഹം=വീട്. നിഷ്കളസേവ=ഈശ്വര സേവ. നിരന്നുകൂടാ=യോജിക്കയില്ല. കൃഷ്ണരാമന്മാരുടെ സംഭാഷണത്തിൽ അവിടവിടെ ഫലിതരസം നിറഞ്ഞു തുളുമ്പുന്നതു ശ്രദ്ധിക്കുക. വാഞ്ഛിതം=അനുഗ്രഹം. വാനപ്രസ്ഥൻ=വാനപ്രസ്ഥാശ്രമം പാലിക്കുന്നവൻ.

മൂലഫലാദിയും തിന്നു വനം തന്നെ
യാലയമാകുന്നു മസ്കരിക്കോ
പാലും പഴവും ഭുജിച്ചു വസിപ്പതു
ബാലിക തന്നോടു കൂടിച്ചേർന്നമ്മേ
മംഗലമായീടുമിങ്ങനെയുള്ളോരു
സംഗതിയെന്നുമേ വന്നു കൂടാ,"
എന്നെല്ലാം മാധവൻ ചൊല്ലുന്നതു കേട്ടു
നിന്ന ഹലധരൻ ചൊന്നാനപ്പോൾ
"ഉത്തമനായൊരു താപസൻ തന്നെത്തൊ-
ട്ടിത്തരം ചൊൽവതു യോഗ്യമോ താൻ
സാരനായുള്ളോരുസന്യാസി താനെന്നു
നേരേ നിന്നുള്ളത്തിൽ തോന്നീലയോ?
കാമക്രോധാദികൾ കൈവെടിഞ്ഞിങ്ങനെ
നാമസ്മരണവും പൂണ്ടു ചെമ്മേ.
മേവി നിന്നീടുന്ന കേവലൻ തന്നെത്തൊ-
ട്ടേവം നീയെങ്ങനെ ചൊൽവാനാവൂ ?
മുന്നം നീ പർവ്വതം തന്നിൽ നിന്നു ചൊന്നതും
ഇന്നു പറഞ്ഞതും ചിന്തിക്കുമ്പോൾ
നേരെ നിനക്കിത്താപസൻ തന്നോടു
പാരമസൂയയുണ്ടെന്നു തോന്നും
ഇന്നു ഞാൻ ചൊല്ലുന്ന നന്മൊഴി കേൾക്കേണം
മന്ദത കൈവെടിഞ്ഞെന്നാലിപ്പോൾ.

---

ഹലധരൻ=ബലഭദ്രൻ. താപസൻ തന്നെത്തൊട്ട്=താപസനെ പ്പററി നാമസ്മരണം=ഈശ്വരനാമസ്മരണം. കേവലൻ=മോക്ഷപ്രദൻ. നീയെങ്ങനെ.........വൂ=നിനക്ക് പറവാൻ എന്തുകഴിവാണുള്ളത്. മുന്നം നീ..=രൈവതപർവ്വതത്തിൽവച്ച് കൃഷ്ണൻെറ വാക്യം സ്മരിക്കുക.

ശർവ്വാംശോൽഭൂതനാം മാമുനി മൗലിതാൻ
ദുർവ്വാസസ്സെന്നങ്ങു പേരുടയോൻ
യാദവരാജന്റെ മന്ദിരം തന്നിലെ
മോദേന വാണിതു നാലുമാസം,
അന്നവൻ തന്നുടെ പൂജയെച്ചെയ്തതു
മന്നവൻ തന്റെ നിയോഗത്താലേ
നമ്മുടെയച്ഛന സോദരിയായൊരു
നിർമ്മലയാകിയ കന്യക താൻ.
താപസൻ തന്നുടെ സേവ ചെയ്തിങ്ങനെ
താപമകന്നവൾ വാഴും കാലം
വന്ദിതനായൊരു മാമുനിതാനപ്പോൾ
വന്ദിച്ചു നിന്നൊരു കന്യകയ്ക്കായ്
നല്ലൊരുമന്ത്രമുപദേശിച്ചീടിനാൻ
കല്യാണമെന്നതു കൈവരുവാൻ
എന്നതു കൊണ്ടല്ലോ ഖിന്നതകൈവെടി-
ഞ്ഞിന്നുവിളങ്ങുന്നു കുന്തീദേവി.
എന്നുള്ള കേളിയുമില്ലേ നിനക്കിപ്പോൾ
പിന്നെയിവൻ മഹാഭാഗനല്ലോ.
മററും ചില നൃപകന്യകമാരെല്ലാം
ഉററവർ തന്നുടെ ചൊല്ലുകേട്ടു്
വേദിയർ പൂജയെച്ചെയ്തതുമൂലമായ്
ഖേദങ്ങൾ കൈവിട്ടുവാണു കൊണ്ടാർ.”

---

ശർവ്വാ...തൻ=ശിവന്റെ അംശമായി ജനിച്ചവൻ. മാമുനിമൗലി=മുനിശ്രേഷ്ഠൻ. യാദവരാജൻ=യാദവരാജാവായ ശൂരൻ: (കുന്തിയുടെ പിതാവ്). പാണ്ഡുവിന്റെ അകാലമരണത്താൽ വിധവയായിത്തീർന്ന കുന്തിക്കു് ദുർവ്വാസസ്സിന്റെ വരത്താൽ പുത്രലബ്ധി ഉണ്ടായ കഥ പ്രസിദ്ധം. മഹാഭാഗൻ=മഹത്വമുള്ളവൻ. ഉററവർ=ബന്ധുക്കൾ. വേദിയർ=ബ്രാഹ്മണൻ.

വാരിജലോചനൻതന്നോടുനേരോടേ
സീരിതാനെന്നെല്ലാംബോധിപ്പിച്ചു്
മന്ദത കൈവിട്ടു സന്ന്യാസി തന്നോടു
നിന്നു ഹലധരൻ ചൊന്നാൻ പിന്നെ:—

"അശ്രുവയായൊരു കന്യകയുണ്ടുള്ളു
ശുശ്രൂഷിച്ചീടുവാൻ ഭക്തിയോടേ
പാദപരാഗങ്ങൾ കൊണ്ടവൾ മന്ദിരം
പാവനമാക്കുകയെന്നേ വേണ്ടൂ."
ഇങ്ങനെ ചൊന്നവൻ തന്നെയും മെല്ലെയ-
ക്കന്യക മന്ദിരം തന്നിലാക്കി
മററുള്ളവേലകളാചരിച്ചീടിനാൻ
തെററന്നുപോയ് പിന്നെ ലാംഗലിതാൻ
ധന്യയായുള്ളൊരു കന്യക ചാരത്തു
സന്ന്യാസിവന്നതു കണ്ടനേരം
പെട്ടെന്നെഴുന്നേററു തുഷ്ടയായ് മേവിനാൾ
ഇഷ്ടനെക്കാണുമ്പോഴെന്നപോലെ.
തന്നിലേ നണ്ണിനാൾ മന്മഥമാലുററു:—
"സന്ന്യാസിയല്ലിതു നിർണ്ണയം താൻ.
എന്നുടെ മാനസം ഖിന്നമാക്കീടുവാൻ
ഛന്നനായ് വന്നൊരു കാമനത്രേ!

---

സീരി-ഹലധരൻ=ബലഭദ്രൻ. ആശ്രുവ=അനുസരണശീലമുള്ളവൾ. പരാഗം=പൊടി. തെററന്നു=വേഗത്തിൽ. ധന്യയായുള്ളൊരു. കന്യക:- ഈ ഭാഗം മുതൽ ശൃംഗാരരസവർണ്ണനയിൽ ചെറുശ്ശേരിയുടെ പാടവം ശ്രദ്ധിക്കുക. സന്ന്യാസിയെ കണ്ടപ്പോൾ ഇഷ്ടനെ കാണുന്ന സന്തുഷ്ടിയാണു് സുഭദ്രയ്ക്കു് ഉണ്ടാകുന്നതു്. അവൾ കാമപീഡയാൽ കഷ്ടപ്പെടുന്നു. ഇവൻ സന്ന്യാസിയല്ല എന്റെ മനസ്സിനെ ഖിന്നമാക്കാൻ വേഷംമാറി വന്ന കാമനാണെന്നു് അവൾ തീരുമാനിക്കുന്നു!

കണ്ടതുകൊണ്ടെയെന്നംഗങ്ങൾ മാഴ്കുന്നു
മിണ്ടുവാൻതന്നെയും വല്ലേൻചെമ്മേ.
എങ്ങനെയിന്നിവൻ പൂജയെച്ചെയ്യൂ ഞാൻ
നിന്നു പൊറുക്കരുതായിന്നിപ്പോൾ."
ഇങ്ങനെ ചിന്തിച്ചു വന്ദിച്ചു നിന്നാള-
മ്മംഗലൻ തന്നുടെ പാദങ്ങളെ.
വന്ദിച്ചു നിന്നൊരു കന്യകയോടവൻ
നന്ദിച്ചു ചൊല്ലിനാൻ മന്ദമപ്പോൾ.
"മന്മഥൻ തന്നുടെ മന്ദിരമായൊരു
മന്ദിരമായി വിളങ്ങു മിന്നീ
ഇഷ്ടനായുള്ളൊരു കാന്തനുമായിട്ടു
തുഷ്ടയായ് മേവുക,"യെന്നിങ്ങനെ.
എന്നതു കേട്ടൊരു കന്യക താനപ്പോൾ
തന്നിലേ നണ്ണിനാൾ ഖിന്നയായി.
"ഇഷ്ടനായുള്ളതോ മററാരുമല്ലല്ലോ
കഷ്ടമാമല്ലോ ചമഞ്ഞു കൂടി
ഇച്ചൊല്ലിനിന്നുള്ളൊരാശിയെക്കോലുവാൻ
ഇജ്ജന്മമില്ലെനിക്കെന്നു വന്നു.
സജ്ജനവാക്കിനു സത്യതയില്ലെന്നും
ഇജ്ജനം മൂലമായ് വന്നു കൂടി.
കന്ദർപ്പൻ തന്നുടെ കാന്തിയെ വെല്ലുന്ന
സുന്ദരനായൊരു പാർത്ഥൻ തന്നിൽ

---

വല്ലേൻ=എനിക്ക് കഴിവില്ല. മന്മഥൻ=കാമൻ. മന്ദിരം=വീട്. സന്യാസിയുടെ ഉപക്രമവും നന്നായി! ഖിന്ന=ദുഃഖിത. ആശി=അനുഗ്രഹം. എൻെറ കാമുകൻ മററാരുമല്ലല്ലോ. എന്താണ് ഇദ്ദേഹം ഇപ്രകാരം അനുഗ്രഹിക്കുന്നതു്. ഞാൻ നിമിത്തം സജ്ജനവാക്ക് സത്യമല്ലെന്നു വന്നുകൂടുമോ? കന്ദർപ്പൻ=കാമൻ. പാർത്ഥൻ=അർജ്ജുനൻ.

മുന്നമേ ചെന്നുള്ളോരെന്നുടെ മാനസം
തന്നിലേയാകുന്നോന്നിന്നിവൻ താൻ.”
ഇങ്ങനെ നണ്ണിന മംഗല താനപ്പോൾ
അംഗജമാലുററു നിന്നനേരം
പാൎത്ഥനോടായിട്ടു ചൊല്ലിനിന്നീടിനാൾ
അൎത്ഥയായ് നിന്നങ്ങു തന്നിൽമെല്ലെ:—
“നിന്നുടെ കോരകമായിനിന്നീടുന്നോ-
രെന്നുടെ മാനസം തന്നെയിപ്പോൾ
തന്നുടെ കോരകമാക്കി നിന്നീടുന്നോൻ
നിന്നെയും വെന്നോരു സന്ന്യാസി താൻ
പാരാതെ വന്നു നീ പാലിച്ചുകൊള്ളായ്കിൽ
പോരായ്മയായ്വരും പാരമിപ്പോൾ.”
വാരുററു നിന്നോരു കന്ന്യകയിങ്ങനെ
ധീരത കൈവിട്ടു നിന്നനേരം
ചന്തത്തിൽ നിന്നുള്ള ചേടിമാർ ചൊല്ലിനാർ
മന്ത്രിച്ചു തങ്ങളിൽ മെല്ലെമെല്ലെ:—
“സന്ന്യാസിമാരുടെ നോക്കിനെപ്പോലെയ-
ല്ലിന്നിവൻ നോക്കുന്നു കന്ന്യകയെ.
കന്ന്യക തന്നോടു കണ്മുനകൊണ്ടിവൻ
ഭിന്നനായ് ചൊന്നതു കണ്ടായോ നീ?

---

അവൾ കാമപീഡിതയായി അൎജ്ജുനനോടായി ഇപ്രകാരം പറയുന്നു. കോരകം=പൂമൊട്ട്. “അല്ലയോ അൎജ്ജുന! നിന്റെ പൂമൊട്ടായ എന്റെ മനസ്സിനെ നിന്നെ ജയിച്ച ഈ സന്ന്യാസി അപഹരിക്കുന്നു. നീ വന്ന് എന്നെ രക്ഷിച്ചില്ലെങ്കിൽ വലുതായ പോരായ്മ ഉണ്ടാകും? ഇങ്ങനെ സുഭദ്ര അധീരയാകുന്നതും ആ അധൈൎയ്യത്തിന്റെ പ്രതിഫലനം സന്ന്യാസിയുടെ മുഖത്ത് സ്ഫുരിക്കുന്നതും സൂക്ഷ്മദൃക്കുകളായ തോഴിമാർ കണ്ടുപിടിക്കുന്നു. നായികാനായകന്മാരുടെ അന്തരംഗചാരവശ്യം വൎണ്ണിക്കാൻ തോഴിമാരെ രംഗത്തുകൊണ്ടുവരുന്നതിൽ കവി വിരുതനാണ്.

"എന്നുടെജ്ജീവിതം നിന്നുടെകൈയിലും
മന്നിലെ മാനിനിമൌലിമാലേ!
കാരുണ്യംദൂരമായ് വാരിജലോചനേ!
*മാരനുന്നമ്മെനീ തീനിടൊല്ലാ.
ചാരത്തുകണ്ടുനിൻ ചോരിവാ തന്നെയും
പാരമുണ്ടാകുന്നു ദീനമുള്ളിൽ.
കാണുന്നോരെല്ലാരും കണ്ടങ്ങുനിന്നാലും
പുണരുന്നതുണ്ടു ഞാൻ നിന്നെയിപ്പോൾ;
എന്നെല്ലാമുണ്ടോ ചൊൽക്കണ്ണുകൊണ്ടിങ്ങനെ
സന്ന്യാസിമാരായോർ ചൊല്ലിക്കാണ്മൂ.
ചെഞ്ചമ്മേയുള്ളൊരു സന്ന്യാസിയല്ലിവൻ
വഞ്ചകനെന്നതേ വന്നുകൂട്ടൂ."
ദക്ഷമാരായുള്ള ചേടിമാരിങ്ങനെ
ഭിക്ഷുകൻമൂലമായ് ചൊല്ലുന്നേരം
ഭിക്ഷയ്ക്കു വേണ്ടുന്ന സാധനം നിർമ്മിപ്പാൻ
അക്ഷണം പോയാളക്കന്യക താൻ.
മുന്നിൽ നിന്നീടുന്ന കന്യകപോയപ്പോൾ
ഖിന്നനായ്നിന്നൊരു സന്ന്യാസി താൻ.
കന്യക തന്നെയേ ചിന്തിച്ചു ചിന്തിച്ചു
തന്നെയും കൂടി മറന്നനേരം

---

രുഗ്മിണീസ്വയംവരം കാണുക. സന്ന്യാസിയുടെ കണ്മുനയിൽനിന്നും പുറപ്പെടുന്ന ആശയവിശേഷം അവർ ബുദ്ധിപൂർവ്വം ഗ്രഹിക്കുന്നു. * 'മാരനിന്നെന്മേനി' എന്നു പാഠാന്തരം. മാനിനി തന്നുടെ മാനസം തന്നെയി-മ്മാരനിന്നാരാനും തീനിട്ടാമോ?' എന്നു രുഗ്മിണീസ്വയംവരം. ചോരിവാ=ചുണ്ട്. പുണരുക=ആലിംഗനം ചെയ്ക. ദക്ഷമാർ=സമർത്ഥകൾ. ഖിന്നൻ=ദുഃഖിതൻ.

വന്ദിപ്പാനായിട്ടു വന്നുള്ളോരെല്ലാരും
നന്ദിച്ചുനിന്നു പറഞ്ഞാർ തമ്മിൽ:—
"ഇങ്ങനെയുള്ളോരു സന്യാസിതന്നെപ്പ-
ണ്ടെങ്ങുമേ കണ്ടില്ല യെന്നുമേ നാം
മാനമററീടുന്നോരാനന്ദം തന്നിലെ
മാനസം ചെന്നു ലയിക്കയാലേ,
സ്പന്ദത്തെക്കൈവിട്ടോരിന്ദ്രിയമെല്ലാമേ
മന്ദങ്ങളായിട്ടേ കാണാകുന്നു.
കൺമുന്നിൽനിന്നുള്ള നമ്മെയുമേതുമേ
കാണുന്നോനല്ലല്ലോ ധ്യാനിക്കയാൽ.
ഉള്ളകം തന്നിലുണൎച്ചയുണ്ടീടുന്നോ-
ൎക്കുള്ളോരു ഞായമിതെന്നുവന്നു."
വിസ്മയിച്ചിങ്ങനെ ചൊന്നവരെല്ലാരും
വിശ്വസിച്ചങ്ങനെ പോയനേരം,
ദക്ഷയായുള്ളൊരു കന്യക വന്നുടൻ
ഭിക്ഷയാടീടുവാനാരംഭിച്ചാൾ.
ഭിക്ഷുകൻമൂലമാമുള്ളടമാൎപ്പുണ്ടു
മിക്കതും വെന്തുള്ളോരുള്ളവുമായ്
ലാളനം പൂണ്ടവൻ പാദങ്ങൾ നന്നായി
ക്ഷാളനം ചെയ്തങ്ങു മേളമാക്കി.

---

മാനമററീടുന്നോരാനന്ദം=അളവററ ആനന്ദം (കേവലാനന്ദം). സ്പന്ദം=ഇളക്കം. ഉള്ളകം ... ഇത്യാദി.— ആത്മബോധം ഉണ്ടാകുന്നവൎക്കു് ഇപ്രകാരം സംഭവിക്കുന്നതു സാധാരണമാണല്ലോ. ന്യായശബ്ദത്തിന്റെ ഭ്രതരൂപമായി ഞായശബ്ദം ചെറുശ്ശേരി ധാരാളമായും മററുചില പൂൎവ്വകവികൾ അപൂൎവ്വമായും പ്രയോഗിച്ചുകാണുന്നു. ദക്ഷ=സമൎത്ഥ. ഭിക്ഷുകൻമൂല...വുമായ്=സന്യാസിനിമിത്തം കഠിനമായ വേദനയുണ്ടു്. മിക്കവാറും വെന്ത മനസ്സോടുകൂടി. ആകാരസാദൃശ്യം നിമിത്തം സന്യാസിയിൽ അനുരാഗം ജനിച്ചിരിക്കുന്ന സുഭദ്രയുടെ പാരവശ്യമത്രെ ഇവിടെ വൎണ്ണിക്കുന്നതു്. ക്ഷാളനം ചെയ്ക=കഴുകുക.

ചിത്രമായുള്ളൊരു പത്രവും മുന്നിൽ വ-
ച്ചുത്തമപീഠത്തിലാക്കിപ്പിന്നെ
മൂക്കുന്ന മന്മഥബാണങ്ങളേല്ക്കയാൽ
ദീർഘമായ് വീർത്തുവീർത്താർത്തിയോടെ,
ഓദനം തന്നെ വിളമ്പിനിന്നീടിനാൾ
വേദന പൂണ്ടുള്ളൊരുള്ളവുമായ്.
മുന്നിലിരുന്നൊരു ഭിക്ഷുകൻതാനുമ
ക്കന്യക തന്മുഖം കാൺകയാലേ,
ഓദനം തന്നെ വിലക്കുവാൻ വല്ലാതെ
ഓർച്ചയും പൂണ്ടങ്ങു മേവുകയാൽ,
പാത്രത്തിൽ നിന്നുള്ളോരോദനമെല്ലാമേ
പത്രത്തിലമ്മാറു വന്നുകൂടി.
അക്ഷണം പിന്നെയക്കന്യക മുന്നിലെ
ഭിക്ഷുകൻ തന്മുഖം നോക്കിനോക്കി
ഉത്തമമായൊരു നൽഘൃതം ചെമ്മെ
പത്രത്തിലാമ്മാറു വീഴ്ത്തിനിന്നാൾ.
ചാലെത്തൊലിച്ചുള്ള വാഴപ്പഴങ്ങളും
ചാടിക്കളഞ്ഞിതു ചാപല്യത്താൽ.
അത്തൊലിതന്നെ വിളമ്പിനിന്നീടിനാൾ
ചിത്തം മയങ്ങിനാലെന്നു ഞായം.

---

ചിത്രം=മനോഹരം എന്നർത്ഥം. പത്രം=ഇല. മൂക്കുന്ന=മൂർച്ചയേറിയ. ഓദനം=ചോറ്. വല്ലാതെ=കഴിവില്ലാതെ. ഓർച്ച=വിചാരം. ഘൃതം=നെയ്യ്, ചാലെത്തൊലിച്ചുള്ള... ഇത്യാദി=മനശ്ചാഞ്ചല്യത്താൽ സുഭദ്ര തൊലിച്ച പഴം പുറത്തുവീണു. അവൾ തൊലി വിളമ്പി. മനംമയങ്ങിയാൽ ഇങ്ങനെ വരിക സാധാരണമാണല്ലോ.

പത്രത്തിലായുള്ളൊരത്തൊലിതന്നെത്താൻ
ചിത്തമഴിഞ്ഞവനാസ്വാദിച്ചാൻ.
കമ്പവും പൂണ്ടു കരുത്തുമകന്നങ്ങു
സംഭ്രമിച്ചീടുന്ന കന്യക താൻ
മുൻപിലേ വേണ്ടതു പിൻപിൽ വിളമ്പിനാൾ
പിൻപിലേ വേണ്ടതു മുൻപിൽ തന്നെ.
ഇങ്ങനെ വന്നവയൊന്നുമറിഞ്ഞില്ല
കന്യകാ മുൻപിലിരുന്നവൻ താൻ.
നിത്യമായിങ്ങനെ ഭിക്ഷയുംപണ്ണി നി-
ന്നസ്തമിച്ചീടിനാലാലയത്തിൽ
വിശ്രമിച്ചീടുവാൻ വിശ്രുതയാമവൾ
സശ്രമയായിട്ടു പോയനേരം
വേറിരുന്നുള്ളൊരു വേദനപൂണ്ടവൻ
വേവുകലന്നു പൊറായ്കയാലേ
ദീപവും ചാലെപ്പൊലിച്ചുകളഞ്ഞുടൻ
ദീപമില്ലെന്നങ്ങു ചൊല്ലും പിന്നെ-
ദീപവും കൊണ്ടവൾ വന്നതു കാണുമ്പോൾ
ചാപലം പൂണ്ടൊന്നു വീർത്തുനില്ക്കും
പിന്നെയും പോയവൾ മന്ദിരം പൂകുമ്പോൾ
മുന്നമെപ്പോലെ പൊറായ്കയാലേ
നീരുള്ളതെല്ലാമേ ദൂരെക്കളഞ്ഞിട്ടു
നീരില്ലയെന്നങ്ങു ചൊല്ലും പിന്നെ,

---

ഇലയിൽ വീണ ആ തൊലി ചിത്തമഴിഞ്ഞ അർജ്ജുനൻ ആസ്വാദിക്കയും ചെയ്യുന്നു. കമ്പം=പരിഭ്രമം. വിശ്രുത=പ്രസിദ്ധ. സശ്രമ= ക്ഷീണിച്ചവൾ. വേറിരു....യാലെ=സുഭദ്രയെ വേർപിരികയാലുള്ള സന്താപം സഹിക്കവയ്യായ്കയാൽ.

നീരുമായ്പുന്നവൾ പിന്നെയും പോകുമ്പോൾ
ധീരത പോക്കുമത്താരമ്പൻ താൻ
വററാത കോഴയാൽ തെറെറന്നു പിന്നെയും
മറെറാന്നു ചൊല്ലി വിളിക്കുമപ്പോൾ.
ഇങ്ങനെയോരോരോ രാത്രികൾ പിന്നിട്ടാൻ
അംഗജമാലുള്ളിൽ പൊങ്ങുകയാൽ.
പാരിച്ചു നിന്നുള്ള പാഴിടിനാദത്തെ
പ്പൂരിച്ചു പെയ്യുമപ്പേമഴയിൽ
അന്നിലം തന്നിലേ നിന്നുപുലന്നൊന
ക്കന്യക തന്നിലെ കാംക്ഷയാലേ.
ഊക്കേറി നിന്നുള്ള മാരൻ ശരങ്ങൾക്കു
ലാക്കായി രാപ്പകൽ മേവുകയാൽ
വെന്തുവെന്തീടുമക്കന്യക തന്നുള്ളിൽ
ചിന്ത തുടങ്ങീതു പിന്നെപ്പിന്നെ.
യോഗ്യമല്ലാതൊരു ഭിക്ഷുകന്മേലല്ലോ
ഭാഗ്യമില്ലാതയെൻ ജാള്യമിപ്പോൾ
ഉത്തമമായ കുലത്തിൽ മുളച്ചെനി-
യ്ക്കിത്തരം തോന്നുവാനെന്തു ന്യായം ?
പാത്ഥനിലുള്ളൊരു മാനസമിന്നിനി
ത്തീത്ഥകൻ തങ്കലേയായിക്കൂടി
ഓത്തു നിന്നീടിലിമ്മന്മഥനിന്നൊന്നെ
കൂത്തു കളിക്കുന്നോനെന്നു വന്നു.

---

നീര്=വെള്ളം. താരമ്പൻ=കാമദേവൻ. വററാത=കുറയാത്ത (വർദ്ധിച്ച) കോഴ=ദുഃഖം. 'ചൂഴെനിന്നീടുന്ന ലോകരെ നോക്കീട്ടു-കോഴ പൂണ്ടേററവും കേഴ്ംപിന്നെ'. കൃഷ്ണലീല. അംഗജമാൽ=കാമപീഡ. കാംക്ഷ=ആഗ്രഹം. സുഭദ്ര ഇടയ്ക്കിടെ ചിന്താധീനയാകുന്നു. ജാള്യം= ജളതാം (അറിവില്ലായ്മ). മുളച്ച=ജനിച്ച.

ഊക്കു കൊണ്ടിന്നിവനിങ്ങനെ കൊൽകിലും
യോഗ്യമല്ലാതതു ചെയ്യേനെന്നും.
ഭിക്ഷുകൻ മൂലമായ് ദുഷ്കൃതി ചെയ്തു ഞാൻ
നില്ക്കുമാറെങ്ങനെ ലോകർ മുമ്പിൽ ?
കണ്ണന്റെ ചെഞ്ചെമ്മേ സോദരിയായൊരു
കന്യകയല്ലോ ഞാൻ നൂനമെന്നാൽ
ഇജ്ജന്മമിങ്ങനെ ദുഃഖമാം വാരിയിൽ
മജ്ജനം ചെയ്തു കിടന്നു പിന്നെ,
വിജ്വരയായി വന്നു*ജ്വലദേഹനാ-
മർജ്ജുനൻ തന്നെ ഞാനേശിക്കൊൾവൂ."
  ഇങ്ങനെ തന്നിലേ നണ്ണിന കന്യക
ഖിന്നയായ്വന്നങ്ങു നിന്നനേരം,
നീട്ടററു നിന്നുള്ള ചേടിമാർ തങ്ങളിൽ
കൂടിപ്പറഞ്ഞു തുടങ്ങീതപ്പോൾ.—
  "എന്തിതു ചൊൽ തോഴീ കന്യക തന്നുടെ
മന്ദിരമിങ്ങനെ മങ്ങിപ്പോയി ?

---

തീർത്ഥകൻ=സന്യാസി. കൂത്തു കളിക്കുക=കൂത്താടിക്കുക. (യഥേഷ്ടം പ്രവൎത്തിപ്പിക്കുക) ഊക്കുകൊ....നെന്നും=കാമൻ ഇപ്രകാരം സ്വശക്തി മൂലം എന്നെ ഉപദ്രവിക്കുന്നുണ്ടെങ്കിലും ഞാൻ യോഗ്യമല്ലാത്ത പ്രവൃത്തി ചെയ്കയില്ല. ദുഷ്കൃതി=ദുഷ്പ്രവൃത്തി (പാപം). മജ്ജനം ചെയ്തു=മുങ്ങി വിജ്വര=ദുഃഖിത (ജ്വരം=ദുഃഖിപ്പിക്കുന്നതു്.) *'ഉജ്ജ്വലദേഹയായ' എന്നു പാഠാന്തരം. വിജ്വര..കൊൾവൂ:—ദുഃഖിതയായ ഞാൻ ഉജ്ജ്വലദേഹനായ അർജ്ജുനനെ പ്രാപിക്കും. ഉജ്ജ്വലദേഹൻ=പ്രകാശമാനമായ (ശൃംഗാര രസം നിറഞ്ഞ) ശരീരത്തോടുകൂടിയവൻ. നീട്ടററുനിന്നുള്ള=ശുശ്രൂഷകളായ. തോഴിമാരുടെ സംഭാഷണം മുഖേന നായികമാരുടെ അനുരാഗ പാരവശ്യം ഫലിതരൂപത്തിൽ വെളിവാക്കാൻ കവിയുടെ വാസന നോക്കുക.

ചങ്ങാതിമാരായ ചന്ദനവാണിമാ-
രെങ്ങുമേ പോകാതെയങ്ങുമിങ്ങും
നിന്നുമിരുന്നുമങ്ങൊന്നുമേ വല്ലാതെ
മന്ത്രിച്ചുപോരുന്നതെന്തിങ്ങനെ."

എന്നതു കേട്ടവൾ ചൊല്ലിനിന്നീടിനാൾ
ഉണ്മയായുള്ളതു മൂടി മെല്ലെ:—

"കന്യക തന്നുടെ രോഗമെന്നുള്ളതോ
നിന്നുടെയുള്ളിലും വന്നതല്ലോ.
ഉററവരിങ്ങനെ മന്ത്രിച്ചുപോരുവാൻ
മറെറാരു കാരണമില്ലയേതും."
അന്യയായുള്ളവൾ ചൊല്ലിനിന്നീടിനാ-
ളെന്നതു കേട്ടു ചിരിച്ചു മെല്ലെ:—

"മത്തനായ് വന്നൊരു വാരണം തന്നെ നീ
ഹസ്തങ്ങൾ കൊണ്ടു മറച്ചുവച്ചാൽ,
എന്നെയോ വഞ്ചിക്കാമിങ്ങനെ ചൊല്ലിനാൽ
മന്നിലെ ലോകരെ വഞ്ചിക്കാമോ?
സന്യാസി തന്നെയും മുന്നിട്ടു നിന്നുള്ള
കന്യക തന്നുടെ വാർത്തയെല്ലാം
മാലോകർ ചൊന്നതു കേട്ടുനിന്നീടുമ്പോൾ
മാലിയന്നീടുമമ്മാനസത്തിൽ.
എങ്ങുമേ പൊങ്ങാത മന്ദിരവാർത്തയി
ന്നങ്ങാടിപ്പാട്ടായി വന്നുകൂടി."
എന്നതു കേട്ടവൾ പിന്നെയും ചൊല്ലിനാൾ:—

---

ഉണ്മ=സത്യം മൂടി=മറച്ചു്. ഉററവർ=ബന്ധുക്കൾ. മത്തനായ്... ക്കാമോ?=ഒരു മദയാനയെ നീ കൈകൊണ്ടു മറച്ചുവച്ചാൽ, എന്നെ വഞ്ചിക്കാമായിരിക്കാം. ലോകരെ വഞ്ചിക്കുന്നതെങ്ങനെ?

‘എന്തുണ്ടോ മാലോകർക്കൊന്നു കണ്ടാൽ?
അന്തവുമാദിയും ചിന്തിച്ചോളിന്നെല്ലാം (ക)
അന്ധന്മാരായുള്ളോർ ചൊല്ലി ഞായം
ഒന്നുണ്ടോ തോഴി നിനക്കിന്നു കേൾക്കേണ്ടൂ
സന്യാസിയല്ലിവനെന്നു ചൊല്ലാം.
സന്യാസിമാരിലിക്കന്യക തന്നുള്ളം
എന്നുമേ ചെല്ലുവോന്നല്ല ചൊല്ലാം,
കന്യക തന്നെയും കാമിച്ചുവന്നൊരു
മന്നവനെന്നതേ വന്നുകൂട്ടൂ
എന്നതല്ലിന്നിതിൽ വന്നുള്ളസങ്കട-
മിന്നിതുതൊട്ടു പിണഞ്ഞുകൂട്ടും.
വീരന്മാരായുള്ള യാദവന്മാരിലി
ന്നാരുമേയില്ലയി ദ്വാരകയിൽ.
കെല്പു കലന്ന സുയോധനനായിട്ടു
കല്പിതയാമിവൾ തന്നെയിപ്പോൾ
സ്പഷ്ടമേ കൊണ്ടിവൻ പെട്ടെന്നു പോകിലോ
കഷ്ടമായല്ലോ താൻ വന്നു ഞായം.”
ഇങ്ങനെ കേട്ടവളിങ്ങനെ ചൊല്ലിനാ
“ളെങ്ങനെയിന്നിതു വന്നുകൂട്ടൂ.
മല്ലാരി തന്നുടെ മന്ദിരം താന്നിതു
വല്ലായ്മയാരാനും വന്നു ചെയ്കിൽ
അന്നവൻ തൻതല നുറുനുറുക്കീട്ടി-
ക്കന്യക തന്നെയും കൊണ്ടുപോരും

---

അന്ത...ഞായം=മൂഢന്മാർ യുക്തിപൂർവ്വമാണോ സാധാരണ ഓരോന്നു പറയുന്നതു്? മന്നവൻ=രാജാവു്. കെല്പ്=സാമർത്ഥ്യം. കല്പിത=നിശ്ചയിക്കപ്പെട്ടവൾ. മല്ലാരി=ശ്രീകൃഷ്ണൻ വല്ലായ്മ=ദുഷ്പ്രവൃത്തി.

എന്നതു കൊണ്ടുള്ള വാൎത്തകൾ നിനാലും
എന്നുമേയിന്നിതു വന്നുകൂടാ.
എങ്ങു നീ പോകുന്നു ചങ്ങാതി ചാരത്തോ
എങ്കിലോ പോക നാമെന്നോ വേണ്ടൂ"

ഗൂഢമായ് നിന്നു പറഞ്ഞുള്ള ചേടിമാർ
കേടററ മന്ദിരം പൂകുംനേരം
വൃഷ്ണികളെല്ലാവരും ദൈവതപൂജ്യന്റ
കൃഷ്ണനെ മുന്നിട്ടു പോയാരപ്പോൾ
സുന്ദരിയായൊരു കന്യക താനും തൻ
മന്ദിരം തന്നിൽ നിന്നന്നു നേരം.
സുന്ദരമായൊരു സ്യന്ദനമേറിത്തൻ
സുന്ദരിമാരുമായ് മന്ദം മന്ദം
ദുർഗമായുള്ളൊരു മാർഗ്ഗവും പിന്നീട്ടു
നിർഗമിച്ചീടിനാൾ നീതിയോടേ.
സീരി തുടങ്ങിന വീരന്മാരങ്ങൊരു
കാരിയം ചിന്തിച്ചു ദൂരത്തപ്പോൾ.
ഒക്കവേ പോകുന്ന തക്കവും പാൎത്തുള്ള-
തസ്കരനായുള്ള മസ്കരിതാൻ.
ചാരത്തു ചെന്നവൾ തേരിലങ്ങേറി നി-
ന്നാരബ്ധ ലീലനായാദരവിൽ
പല്ലവം വെല്ലുന്ന പാണിയെല്പാരാതെ
മെല്ലവേ പൂണ്മതിനോങ്ങുന്നേരം.

---

എന്നതു....വന്നുകൂടാ. അതിനെപ്പററിയുള്ള വൎത്തമാനം പരന്നാലും അപ്രകാരം സംഭവിക്കയില്ല. സ്യന്ദനം=തേരു്. ദുർഗം=അതിക്രമിക്കാൻ പ്രയാസമുള്ള (പൎവതം) സീരി=ബലഭദ്രൻ. തസ്കരൻ=കള്ളൻ. മസ്കരി= സന്യാസി. ആരബ്ധലീലൻ=ലീലയ്ക്കു ഒരുമ്പെട്ടവൻ. പാണിയെ പൂണ്മതിന്=കരം ഗ്രഹിക്കുന്നതിന്.

മന്ദമായ് ചൊല്ലിനാൾ സുന്ദരിയെന്നപ്പോൾ
വന്ദിച്ചു നിന്നവൻ പാദങ്ങളെ:—
"ബന്ധങ്ങളെല്ലാമേ വേർമുറിഞ്ഞീടിനാ-
ലെന്തിതു തോന്നുവാൻ തമ്പുരാനേ!
ഇത്ര മേൽ വന്നുകരേറിനിന്നോക നിൻ
മുക്തിക്കു ദൂഷണം ചെയ്യൊല്ലാതെ.
ഉജ്ജ്വലനായുള്ളോരജ്ഞാനൻ തന്നിലേ
മജ്ജനം ചെയ്യൊന്നൊന്നുള്ളമെന്നാൽ
സജ്ജനായുന്നിന്നജ്ഞാനൻ വേണമി-
ന്നിജ്ജനത്തിന്നുടെ പാണിപൂർണ്മാൻ."
കോമള തന്നുടെ തൂമൊഴിയായൊരു
താർമധു പെയ്തു കുളുർക്ക ചാലേ
കോൾമയിർക്കൊണ്ടവനാമോദം തന്നുടെ
കോമരമായിനിന്നുണ്മ ചൊന്നാൻ.
ഉണ്മയെക്കേട്ടൊരു സുന്ദരി തന്നുടെ
നന്മുഖം ചാലേ വിരിഞ്ഞുതപ്പോൾ
വാരുററു നിന്നൊരു സൂര്യനെക്കണ്ടൊരു
വാരിജകോരകമെന്ന പോലെ.
സംഭ്രമം കൊണ്ടവളൊന്നുമേ വല്ലാതെ
കമ്പവും പൂണ്ടുവിളങ്ങിനിന്നാൾ.

---

സുഭദ്രയുടെ വാക്കുകളിൽ സ്ഫുരിക്കുന്ന ഫലിതരസം നോക്കുക. ബന്ധ....തോന്നുവാൻ=ലൌകികവിഷയങ്ങളിൽനിന്നും വേർപിരിഞ്ഞ അങ്ങേയ്ക്കു ഇങ്ങനെ തോന്നുവാൻ ബന്ധമെന്തു്? മുക്തി=മോക്ഷം. സജ്ജൻ=സന്നദ്ധൻ. കോമള=സുന്ദരി. തൂമൊഴി=മനോഹരമായ വാക്ക്. കോമരം=മൂർത്തി. വാരുററുനിന്ന=ഭംഗിയുള്ള വാരിജകോരകം=താമരമൊട്ടു്. കമ്പം=വിറയൽ.

നാണവും പൂണ്ടു നടുങ്ങിനിന്നീടുന്ന
മാനിനി തന്നുടെയുള്ളമപ്പോൾ,
പായസം കണ്ട ബുഭുക്ഷിതൻ തന്നുടെ
മാനസം പോലെ ചമഞ്ഞുകൂടി.
ഇഷ്ടമായുള്ളതു കിട്ടുകമൂലമായ്
തുഷ്ടനായുള്ളോരു പാൎത്ഥനപ്പോൾ
പേയററു നിന്നോരു ജായയും താനുമായ്
പോയിത്തുടങ്ങിനാനങ്ങു നോക്കി.
'വണ്ടേലും ചായലാൾ തന്നെയും കൊണ്ടവൻ
മണ്ടിനിന്നീടുന്നോ'ന്നെന്നിങ്ങനെ
ദ്വേഷികളായുള്ള യാദവന്മാൎക്കെല്ലാം
രോഷവുമുണ്ടായി വന്നതപ്പോൾ.
സീരി താനങ്ങതു കേട്ടോരു നേരത്തു
സീരവും പാരാതെ കൈയിലാക്കി,
അന്തമില്ലാതൊരു കോപവും പൂണ്ടു നി-
ന്ധകന്മാരോടുകൂടിച്ചെമ്മേ,
ഭീതിയെക്കാണാതൊരന്തകനുള്ളിലും
ഭീതിയെപ്പൊങ്ങിച്ചു ഭീഷണനായ്
നോക്കിനെക്കൊണ്ടേയിപ്പാരിടമെല്ലാമേ
തീക്കനലാക്കുന്നോനെന്നപോലെ
'നില്ലുനില്ലെ'ന്നതേ ചൊല്ലിനിന്നങ്ങനെ
ചെല്ലത്തുടങ്ങിനാനങ്ങുനോക്കി.

---

ബുഭുക്ഷിതൻ=വിശപ്പുള്ളവൻ. തുഷ്ടൻ=സന്തോഷിച്ചവൻ. പേയററുനിന്ന=പരിഭ്രമം നീങ്ങിയ. (സന്യാസി അൎജ്ജുനനാണെന്നറിഞ്ഞപ്പോൾ സുഭദ്രയ്ക്കു് ഒട്ടുസമാധാനമായി). ജായ=ഭാൎയ്യ. വണ്ടേലും ചായലാൾ=വണ്ടിനതുല്യമായ തലമുടി ഉള്ളവൾ. ദ്വേഷികൾ=ശത്രുക്കൾ. സീരം=കലപ്പ. അന്തകൻ=കാലൻ. ഭീഷണൻ=ഭയങ്കരൻ.

കോപിച്ചു പോകുന്ന ലാംഗലി തന്നുടെ
കോപത്തെക്കണ്ടൊരു ഗോവിന്ദൻ താൻ
ഓടിച്ചെന്നങ്ങവൻ കോപത്തെപ്പോക്കുവാൻ
കേടററ വാക്കുകളോതി നിന്നാൻ:—
"പാർത്ഥനിന്നിന്നുടെ ചീർത്തെഴും കോപത്തിൻ
പാത്രമായ്വന്നതിന്നോർത്തു കണ്ടാൽ
വീരനായുള്ളോരു കേസരി തന്നോടു
നേരായിപ്പോരുമിപ്പോഴ് കുറുക്കൻ.
സീരവുമായിട്ടു പാരാതെ ചെന്നങ്ങു
നേരിട്ടുനിന്നു കുതിക്കിലിപ്പോൾ
മാധവി തന്നുടെ മംഗലസൂത്രത്തിൻ
ബാധയെച്ചെയ്യൊഴിച്ചേതുമില്ലേ.
സോദരി തന്നുടെ വേദന കണ്ടുക-
ണ്ടാദരവോർടതിലാടി നില്ക്കാം.
ഉണ്മയെച്ചൊൽകിലിപ്പാണ്ഡവൻ നമ്മുടെ
സംബന്ധിയായിട്ടു വന്നാനല്ലോ.
ചീററവും കൈവിട്ടു പാരാതെ ചെന്നു നി
ന്നേററവും മാനിക്ക വേണ്ടതിപ്പോൾ.
നാമൊഴിച്ചാരിനി പ്രേമവും പൂണ്ടുനി-
ന്നോമനിച്ചീടുവാനോർത്തു കണ്ടാൽ."
ഇത്തരമായുള്ളൊരുക്തികൾ കൊണ്ടവൻ
ചിത്തമയച്ചു ചമച്ചു പിന്നെ,

---

ലാംഗലി=ബലഭദ്രൻ. പാർത്ഥൻ=അർജ്ജുനൻ. ചീർത്ത=വർദ്ധിച്ച. കേസരി=സിംഹം. കുതിക്കുക=എതിർക്കുക. മാധവി=സുഭദ്ര. സംബന്ധി=ബന്ധു. വേണ്ടതു്=വേണ്ടതു്. ഉക്തി=വാക്കു്. ചിത്തമയച്ചു=സമാധാനപ്പെടുത്തി.

കോപിച്ചു പായുന്ന യാദവന്മാരുടെ
കോപവും പോക്കിനാൻ വാക്കുകൊണ്ടേ.
ശാർങ്ഗി താനിങ്ങനെ ചൊന്നതു കേട്ടോരു
ലാംഗലി തന്നുടെയുള്ളമപ്പോൾ
നീതിയും ചിന്തിച്ചു കോപവും കൈവിട്ടു
ശീതളമായിച്ചമഞ്ഞു കൂടി.
ഏറിയിരുന്ന പൊലിക്കാണം തന്നെയും
പാരാതെ നൽകിനാൻ പാർത്ഥനായി.
തുഷ്ടനായുന്നവൻ തന്നോടുകൂടെപ്പോയ്
ഇഷ്ടമായ് നിന്നവൻ മന്ദിരത്തിൽ,
കല്യാണമായുള്ളതെല്ലാമേ ചെയ്യിച്ചു
മെല്ലവേ പോന്നിങ്ങു വന്നുപിന്നെ
വൃഷ്ണികൾ ചൂഴററു കൃഷ്ണനും താനുമായ്
വൃത്തികളോരോന്നേയാചരിച്ചാൻ.

DEFINITORY T.O.C.D.
A. ..........
LIBRARY.

---

ശാർങ്ഗി=വിഷ്ണു (കൃഷ്ണൻ). ലാംഗലി=ബലഭദ്രൻ. ഏറിയിരുന്ന=വർദ്ധിച്ച. പൊലിക്കാണം=സ്ത്രീധനം.

DC Library
*00003941*
T61 C42

WORKS O...

| | | ണ |
|---|---|---|
| മലയാളസാഹിത്യചരിത്രം | 1 | 4 |
| കഥകളിദീപിക | 0 | 6 |
| വിക്രമൻ (ഹാമർജോണറ്റൂരിലെ കഥയെ തുടർന്നുള്ള ഒരാഖ്യായിക) | 0 | 12 |
| ഉന്മത്തൻ | 0 | 12 |
| ഭാരതീയനായികമാർ. | 0 | 12 |
| സങ്കല്പസംഭാഷണങ്ങൾ | 0 | 8 |
| സാഹിതീനിധാനം (Golden Treasury) | 1 | 4 |
| ബാണയുദ്ധം കല്യാണക്കളി | 0 | 4 |
| ലീലാവിലാസം (ഗദ്യനാടകം) | 0 | 3 |
| ഉമാപരിണയം കഥകളി | 0 | 4 |

(തയാറായി വരുന്നു)

മലയാളസാഹിത്യചരിത്രം പരിഷ്കരിച്ച പതിപ്പ്

അപശബ്ദബോധിനി ടി

രഹസ്യവാദപ്രസ്ഥാനം.

ആവശ്യപ്പെടേണ്ടും മേൽവിലാസം:—

K. N. Gopala Pillai M. A.
American College
Tallakulam, Madura.

Prescribed for the B. A. Degree Examination 1947 & 1948.

ചെറുശ്ശേരിയുടെ

# സൌഭദ്രിക കഥ

Edited by

K. N. GOPALA PILLAI M. A.
*Lecturer in Malayalam*
American College
MADURA

T61
C42

R. BOOK DEPOT
TRIVANDRUM
1945.

Indic Digital Archive Foundation
gpura.org